

**സമൂഹ അടുക്കള**

**യാഥാർത്ഥ്യമാകുമ്പോൾ**

ഒരു കൈ സഹായിക്കൂ, ഒരു കൈയും ഒഴിവാക്കരുത്

**ആനന്ദത്തിന്റെ**

**ഭൂട്ടാൻ വഴികൾ**

മറ്റൊരു പാഠമാവാതെ

**പാഠഭേദം**

# ലിറ്റിൽ മാസിക

**151**

പരാജിതരും
വിജയികളും









*വലിയ യാത്രകൾക്കിടയിൽ എന്നെന്നേക്കുമായി നാം മറന്നുകളഞ്ഞ മറ്റു ചില കുഞ്ഞുയാത്രകളുണ്ട്. അമ്മ വീട്ടിലേക്ക്, ബന്ധുവീട്ടിലേക്ക്, സ്നേഹത്തിന്റെ സ്പർശമുള്ള ചില നൻമ യാത്രകൾ.. എന്നാണോ അവ നാം വീണ്ടെടുക്കാൻ പോകുന്നത്?*

– ബെന്യാമിൻ

*സെൻ ഗുരുവായിരുന്ന ജോഷുവിനടുത്തേക്ക് ഒരിക്കൽ ഒരു ഭിക്ഷു വന്നു. ജോഷു അയാളോട് ചോദിച്ചു: നിങ്ങൾ എപ്പോഴെങ്കിലും ഇവിടെ വന്നിട്ടുണ്ടോ? ഭിക്ഷു പറഞ്ഞു: ഇല്ല ഗുരോ.. ജോഷു അയാളോട് പറഞ്ഞു എന്റെ സഹോദരാ.., ഒരു കപ്പ് ചായ കഴിച്ചാലും.*

*മറ്റൊരു ഭിക്ഷു കൂടി അവിടെ വന്നു. ഗുരു അയാളോടും ചോദിച്ചു. നിങ്ങൾ എപ്പോഴെങ്കിലും ഇവിടെ വന്നിട്ടുണ്ടോ? ഉവ്വ്.. ഗുരോ.. അതായിരുന്നു അയാളുടെ ഉത്തരം. ജോഷു അയാളോട് പറഞ്ഞു: എന്റെ സഹോദരാ, ഒരു കപ്പ് ചായ കഴിച്ചാലും.*

# മനുഷ്യരെ നിർമ്മിക്കുന്നവർ

മുതിർന്നവർ ഒരുപാട് ജോലികൾ ചെയ്യുന്നു, എന്നാൽ കൊച്ചുകുട്ടികൾ കളിച്ചും തിന്നും ഉറങ്ങിയും നേരം കളയുന്നു - ഇതാണ് പൊതുവെയുള്ള ധാരണ. എന്നാൽ, ഈ ധാരണ ശരിയല്ലെന്ന് കുട്ടികളെ കുറിച്ച് ആഴത്തിൽ പഠിച്ച്, ബാല്യത്തിന്റെ രഹസ്യം എന്ന പുസ്തകം എഴുതിയ മറിയ മോൻടിസോറി പറയുന്നു. മുതിർന്നവർ പൊതുവെ സാധാരണ ജോലികളിൽ ഏർപ്പെടുമ്പോൾ ഒരു കൊച്ചുകുട്ടി മഹത്തായ മറ്റൊരു ജോലിയാണ് ഏറ്റെടുത്തിരിക്കുന്നത് - കുട്ടിയിൽ നിന്നും മനുഷ്യനെ സൃഷ്ടിക്കുന്ന ജോലി. ഇക്കാര്യത്തോടൊപ്പം മറിയ മറ്റൊരു കാര്യം കൂടി പറയുന്നുണ്ട്. സാധാരണ തൊഴിൽ ചെയ്യുന്നവരുടെ അവകാശങ്ങളെ കുറിച്ച് ലോകം തിരിച്ചറിഞ്ഞപ്പോൾ, സർവ്വരാജ്യ തൊഴിലാളികൾ സംഘടിച്ചപ്പോൾ മനുഷ്യരാശിക്കുണ്ടായ മാറ്റങ്ങൾ അപാരമായിരുന്നു.; എങ്കിൽ മനുഷ്യനെ നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ വേണ്ടുംവിധം പരിരക്ഷിക്കപ്പെട്ടാൽ, അവർക്കു പ്രോത്സാഹനം നൽകിയാൽ, അതുവഴി കോടിക്കണക്കിനു നല്ല മനുഷ്യർ സൃഷ്ടിക്കപ്പെട്ടാൽ ലോകത്തിനുണ്ടാകുന്ന മാറ്റം എത്ര വലുതായിരിക്കും!

*(കാളീശ്വരം രാജ്എഴുതിയ കുട്ടികളുടെ അവകാശങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)*

copyleft

2014
മെയ്
ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
littlemasika@gmail.com

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

പത്രാധിപ സമിതി
**പി.എം. ജോൺ**
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

*1992–ൽ പ്രസിദ്ധീകരണം ആരംഭിച്ചു.*



*കവർ ഫോട്ടോ- എം.പി. പ്രതീഷ്*

## ഈ ലക്കത്തിൽ

*വിജയമല്ല, പ്രത്യുത പരാജയങ്ങളാണ് ഒരു വ്യക്തിയുടെ ശ്രേഷ്ഠതയുടെ ഉരകല്ല്. വിജയങ്ങളെ സമചിത്തതയോടെ കാക്കുന്നതിലും ഏറെ ദുഷ്ക്കരമാണ്, തത്തുല്യമായ സമചിത്തത പരാജയങ്ങളിലും പുലർത്തുക എന്നത്*

**പരാജിതൻ** *ജെർളി* **4**


*പ്രാദേശികമായി രൂപികരിക്കുന്ന സമൂഹ അടുക്കളയിൽ അതാത് പ്രാദേശിക സമൂഹത്തിനാവശ്യമുള്ള ഭക്ഷണം പാകം ചെയ്യുകയും ആവശ്യമുള്ളതു പോലെ വിതരണം ചെയ്ത് ഭക്ഷിക്കുകയും ചെയ്യുന്ന സമുഹ അടുക്കള എന്ന ആശയം മുന്നോട്ടു വെയ്ക്കുന്നു*

**സമുഹ അടുക്കള** **8**
*ജി പി രാമചന്ദ്രൻ*




*മെയിൻസ്ട്രീം മാസികയുടെ കുഴപ്പങ്ങളില്ലാത്ത, എന്നാൽ മെയിൻസ്ട്രീം അല്ലാത്ത ലിറ്റിൽ മാഗസിനുകളുടെ അവശതകളില്ലാത്ത ഒരു പ്രസിദ്ധീകരണത്തെ മുഖ്യധാരയിൽ ഇടപെടുവിക്കാനുള്ള ശ്രമങ്ങൾ 25 വർഷം പിന്നിടുന്നു.*

**പാഠഭേദം മാസികയുമായി സംഭാഷണം** **12**



ഷിഗേരു ബാൻ



ഷിഗേരി നിർമ്മിച്ച കടലാസും കാർബോഡും കൊണ്ടുള്ള ആരാധനാലയം

*കടലാസ്,റീസൈക്കിൾ ചെയ്തുണ്ടാക്കിയ കാർബോർഡ് ട്യൂബുകൾ, മുള, തുടങ്ങിയ ഉൽപ്പന്നങ്ങൾ കൊണ്ട് എളുപ്പത്തിൽ നിർമ്മിക്കാവുന്നതും പുനുരുപയോഗിക്കാവുന്നതുമായ വീടുകളും കെട്ടിടങ്ങളും നിർമ്മിച്ച് അത്ഭുതം സൃഷ്ടിക്കുന്നകയാണ് ഷിഗേരു ബാൻ..*

# ഷിഗേരു ബാന്റെ കടലാസ് വീടുകൾ

ഈ വർഷത്തെ പ്രിസ്കർ വാസ്തു ശിൽപ്പ പുരസ്കാരം ജാപ്പാൻകാരനായ ഷിഗേരു ബാന്. വാസ്തു ശിൽപ്പരംഗത്തെ നോബൽ എന്നറിയപ്പെടുന്നതാണ് ഈ പുരസ്കാരം. കടലാസ്,റീസൈക്കിൾ ചെയ്തുണ്ടാക്കിയ കാർബോർഡ് ട്യൂബുകൾ, മുള, തുടങ്ങിയ ഉൽപ്പന്നങ്ങൾ കൊണ്ട് എളുപ്പത്തിൽ നിർമ്മിക്കാവുന്നതും പുനുരുപയോഗിക്കാവുന്നതുമായ വീടുകളും കെട്ടിടങ്ങളും നിർമ്മിച്ച് അത്ഭുതം സൃഷ്ടിക്കുന്ന ഷിഗേരു വിന് ഈ പുരസ്കാരം നൽകുക വഴി പ്രിസ്കർ പുരസ്കാരം തന്നെ സ്വയം അന്തസുയർത്തിയിരിരിക്കുന്നു. ജപ്പാനിലെ ടോക്യോയിൽ 1957 ൽ ജനിച്ച ഷിഗേരു വാസ്തുശിൽപ്പത്തിൽ ബിരുദം നേടി കെട്ടിട നിർമ്മാണരംഗത്ത് തന്റെ വിപ്ലവകരമായ പരീക്ഷണങ്ങളുമായി ലോകമെങ്ങും ഓടിനടക്കുന്നതിനിടയിൽ ഇന്ത്യയിലുമെത്തി.ഗുജറാത്തിൽ ഭുജിൽ ഭൂകമ്പ ബാധിത പ്രദേശത്ത് അവിടുത്തെ ഭൂപ്രകൃതിക്ക് ഇണങ്ങുന്നതും ഭൂകമ്പത്തെ ചെറുക്കുന്ന തരത്തിലുള്ളതുമായ വീടുകൾ ഷിഗേരു നിർമ്മിച്ചു നൽകി.

വാസ്തുശിൽപ്പരംഗത്തെ പ്രഫഷണൽ മികവിന് നൽകപ്പെടുന്ന പുരസ്കാരം ആദ്യമായാണ് ഷിഗേരുവിനെപ്പോലെ വേറിട്ട രീതിയിയിൽ വാസ്തുകലയെ സമീപിക്കുന്ന ഒരാൾക്ക് ലഭിക്കുന്നത്. ആരാണ് ഷിഗേരു ബാൻ എന്ന് ചോദിച്ചാൽ പെട്ടന്ന് പറയാവുന്നത് ജപ്പാനിലെ ലാറി ബേക്കർ എന്നാണ്. ലാറി ബേക്കർ എങ്ങനെയാണോ ഇന്ത്യൻ വാസ്തുശില്പ്പരംഗത്ത് ഇടപെട്ടത് സമാനമായ രീതിയിലാണ് ഷിഗേരു ബാൻ ജപ്പാനിലും ലോകത്ത് പലയിടങ്ങളിലുമായി ഇടപെട്ടത്.

തൊട്ടടുത്ത് എളുപ്പത്തിൽ കിട്ടാനുന്നതും ചിലവ് കുറഞ്ഞതുമായ വിഭവങ്ങൾ അത് റീസൈക്കിൾ ചെയ്ത കടലാസും കാർബോഡും കൊണ്ടുള്ള ട്യൂബുകളാവാം മുളയും പാഴ്വസ്തുക്കളുമാവാം ഉപയോഗിച്ച് അദ്ധേഹം നിർമ്മിച്ച മണ്ണിനും പ്രകൃതിക്കും കീശക്കും ചേർന്ന വീടുകൾ വാസ്തു ശിൽപ്പ സാങ്കേതികതയുടെ സർഗ്ഗാത്മകമായ പ്രയോഗത്തിന്റെ സ്വയം സംസാരിക്കുന്ന ഉദാഹരണങ്ങളാണ്.

സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് തങ്ങളുടെ കഴിവ് പ്രയോഗിക്കുന്നവരല്ല ആധുനിക കാലത്തെ വാസ്തു ശിൽപ്പികൾ.ആർഭാടങ്ങൾക്കും സുഖലോലുപതയ്ക്കും പ്രാധാന്യം നൽകുന്ന പുതിയ കാലത്തെ ഹൈടെക്ക് കെട്ടിടനിർമ്മാണരീതിയുടെ കടുത്ത വിമർശകനായ ഷിഗേരു ബാൻ ആദരിക്കപ്പെടുമ്പോൾ വീടുണ്ടാക്കി തളരുന്ന നാം മലയാളികൾക്ക് ബാൻ മാതൃക തത്വത്തിലെങ്കിലും സീകാര്യമാകുമോ.

# അപൂർണ്ണതകൾ ആഘോഷിക്കപ്പെടട്ടെ

തൊണ്ണൂറുകളിലാണ് അദ്ദേഹം. നാളിതുവരെയായി കൃത്യമായ അച്ചടക്കബോധത്തോടെ ജീവിതം, അതിലുപരിയായി സ്വഭാവമഹിമ. ഞാനദ്ദേഹത്തോട് ചോദിച്ചു - താങ്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ ദു:ഖം, പശ്ചാത്താപമെന്താണ്? ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടെയാണ് അദ്ദേഹം മറുപടി പറഞ്ഞത് - കുറച്ചുകൂടി വിഡ്ഢിയായി വിവേകരഹിതമായി ജീവിക്കാമായിരുന്നു എന്നിപ്പോൾ തോന്നുന്നു. സദാ അച്ചടക്കത്തിന്റെ ചാട്ടയടി സ്വയമേറ്റുവാങ്ങാതെ ഒരല്പം കരുണ എന്നോടുതന്നെ കാണിക്കാമായിരുന്നു എന്ന് തോന്നിപ്പോവുന്നു.

മുഴുമിക്കാനാവാത്ത ഒരു സിംഫണി - അതിൽ കുടുതലെന്താണ് നമ്മുടെ ജീവിതം? പെർഫെക്ഷൻ അഥവാ പൂർണ്ണത തേടിയലയുകയാണ് നാം. ആ മരീചികയുടെ പിന്നാലെയുള്ള ദീർഘയാത്രയ്ക്കൊടുവിൽ പലരും ചിന്തിച്ചുപോവുന്നതാണ് മുകളിലത്തെ ആ ജ്ഞാനവൃദ്ധന്റെ വാക്കുകൾ.

*ദേബശിഷ് ചാറ്റർജി*

# പരാജിതൻ

ജെർളി

തോൽവി എന്നത് എപ്പോഴും ഋണാത്മകമായ ഒന്നാകണമെന്നില്ല. ചിലപ്പോഴെങ്കിലും അത് വിജയത്തിനു മേൽ പോലും മേൽക്കൈ നേടുന്നു. അതിനാൽത്തന്നെ, വിജയിച്ചവരെല്ലാം വിജയികളാകണമെന്നുമില്ല. കുരുക്ഷേത്ര യുദ്ധാനന്തരം വിജയം നേടിയ പാണ്ഡവ പക്ഷത്തിന്റെ അവസ്ഥ, തീർച്ചയായും പരാജിതരായ കൗരവരെക്കാൾ ഒട്ടും മികച്ചതായിരുന്നില്ല എന്നതാണല്ലോ മഹാഭാരതം നൽകുന്ന സന്ദേശം. ഒന്നൊഴിയാതെ തുടച്ചുനീക്കപ്പെട്ട കൗരവർക്ക്, മരണത്തിന്റെ സാന്ത്വനമെങ്കിലും അവകാശപ്പെടാനുണ്ടായിരുന്നു. എന്നാൽ, വിജയികളായ പാണ്ഡവരെ സംബന്ധിച്ചിടത്തോളം, ആ ചോരപ്പുഴ നീന്തിക്കടന്ന് അവർ പ്രവേശിച്ചത്, അധികാരത്തിലേക്കായിരുന്നില്ല, അശാന്തിയിലേക്കായിരുന്നു. ചരിത്രത്തിലൂടൊന്ന് കണ്ണോടിച്ചാൽ തത്തുല്യമായ ജീവിതാവസ്ഥകൾ ഒട്ടേറെ കണ്ടെത്താനുമാവും. ഇനി അഥവാ വിജയി ഇത്തരമൊരു ദുരവസ്ഥയിലേക്ക് വലിച്ചെറിയപ്പെട്ടില്ല എങ്കിൽ പോലും ഡെസ്റ്റിനേഷൻ സിൻഡ്രോം എന്ന മാനസികാവസ്ഥ അവന്റെ/അവളുടെ സന്തോഷം തല്ലിക്കെടുത്തുക എന്ന സാധ്യതയും നിലനിൽക്കുന്നു.

സാമ്രാജ്യത്വത്തിനു മേൽ സമ്പൂർണ്ണ വിജയം നേടിയതിനുശേഷം, ആ വിജയത്തിനു മുന്നിൽ ഖിന്നമനസ്കനായി നിന്ന ഗാന്ധിജി, വിജയം എന്നത് വെറും ആപേക്ഷികമായ ഒന്നാണ് എന്നു നന്നായറിഞ്ഞ ഒരാളായിരുന്നു. മഹാത്മാവ് പലപ്പോഴും പരാജയങ്ങളേക്കാൾ വിജയങ്ങളെ ഭയന്നിരുന്നതുമതുകൊണ്ടു തന്നെയായിരിക്കണം. സ്വാതന്ത്ര്യലബ്ദിക്കു ശേഷം ഏതാനും വിനാഴികകൾക്കുള്ളിൽത്തന്നെ അദ്ദേഹത്തിന്റെ ഭയം യാഥാർത്ഥ്യമായിത്തീരുകയും ചെയ്തു. വിഭിന്ന മത വിഭാഗങ്ങൾ തമ്മിൽ സൗഹാർദ്ദം പുലരാതെ താൻ ഭക്ഷണം കഴിക്കുകയില്ല എന്നദ്ദേഹത്തെക്കൊണ്ട് പറയിക്കുന്നതുവരെയെത്തി കാര്യങ്ങൾ. വാസ്തവത്തിൽ മഹാതാമാവിനെ ആത്യന്തിക പരാജയത്തിൽ നിന്ന് രക്ഷപ്പെടുത്തിയത് അദ്ദേഹത്തെ എന്നും ആജന്മവൈരിയായി കണ്ടിരുന്ന നാഥുറാം വിനായക് ഗോഡ്സേയാണ് എന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്.

ഇത് ഗാന്ധിജിയുടെ മാത്രം തലവരയല്ല. പ്രത്യുത, തിൻമയ്ക്കെതിരെ, പാരതന്ത്ര്യത്തിനു നേരെ, സ്വന്തം ജനതയെ നയിച്ച എല്ലാവരെയും കാത്തിരിക്കുന്ന ഒരു ചരിത്രവിധിയാണിത്. ബുദ്ധനും ക്രിസ്തുവും നെൽസൺ മൺഡേലയുമൊക്കെ ഈ വിധി ഏറ്റുവാങ്ങിയവരാണ്. ആ നിരയിലേക്ക് അണി ചേരാൻ ഓങ്ങ് സാങ്ങ് സൂചിയെയും, ഇറോം ശർമ്മിളയെയും, മേധാ പട്കറെയും പോലുള്ള ഒട്ടേറെപ്പേർ തങ്ങളുടെ ഊഴം കാത്തിരിക്കുന്നുമുണ്ട്. പക്ഷേ, തങ്ങളെ കാത്തിരിക്കുന്നത് ആത്യന്തിക പരാജയമാണ് എന്ന് വ്യക്തമായി അറിഞ്ഞിട്ടും, ഇവരിലൊരാൾ പോലും തങ്ങളുടെ കർമ്മമണ്ഡലത്തിൽ നിന്നു പിൻവലിയുന്നില്ല എന്നതാണ്,

*ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ ന്യൂനത അത് വിദ്യാർത്ഥികളെ വിജയം കൈപ്പിടിയിലൊതുക്കുന്നതെങ്ങനെ എന്നു മാത്രമേ പഠിപ്പിക്കുന്നു എന്നുള്ളതാണ്. പരീക്ഷാരംഭത്തിൽ കൂൾ ഓഫ് ടൈം അനുവദിച്ചും, കയ്യയച്ച് മാർക്ക് ദാനം നൽകിയും, സേ പരീക്ഷ എഴുതിച്ചും, ഗ്രേഡിംഗിലൂടെ തോൽക്കുന്നവരുടെ വംശം തന്നെ ഇല്ലാതാക്കിയും നമ്മുടെ വിദ്യാഭ്യാസ വകുപ്പനുഷ്ഠിക്കുന്ന ഈ സത്കർമ്മത്തിന്റെ ആത്യന്തികഫലം ജീവിതപരീക്ഷയിൽ തോൽക്കാനുള്ള മനസ്സില്ലാത്ത ഒരു തലമുറയുടെ രൂപീകരണമാണ്. വൃത്തിയായൊന്നു തോൽക്കാൻ പോലും കെൽപ്പില്ലാത്തവരുടെ ഈ തലമുറ, ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ചില പരാജയങ്ങളുടെ മുന്നിൽ പകച്ചു നിൽക്കുമ്പോൾ ആരാണവർക്ക് കൂൾ ഓഫ് ടൈമും, മോഡറേഷനും കൊടുക്കുക.*

*എഡിറ്ററുടെ കുറിപ്പ്*

*മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ ഒരു എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥിനി പത്താം ക്ലാസ് പരീക്ഷയുടെ ഫലം വന്നതിന്റെ അടുത്ത ദിവസം തീകൊളുത്തി ആത്മഹത്യ ചെയ്തു.ജില്ലയിൽ തന്നെ ഒമ്പതാം ക്ലാസിൽ തോൽപ്പിച്ചതിന് മറ്റൊരു പെൺകുട്ടിയും ഇക്കഴിഞ്ഞ ദിവസം ജീവനൊടുക്കി. ഈ സങ്കടങ്ങളുടെ പശ്ചാത്തലത്തിലാണ് **മനുഷ്യസ്നേഹി** എന്ന ചെറിയ മാസികയിൽ വന്ന ഈ കുറിപ്പ് എടുത്തുപ്രസിദ്ധീകരിക്കുന്നത്.*



*പാരതന്ത്ര്യത്തിനു നേരെ, സ്വന്തം ജനതയെ നയിച്ച എല്ലാവരെയും കാത്തിരിക്കുന്ന ഒരു ചരിത്ര വിധിയാണ് പരാജയം. ബുദ്ധനും ക്രിസ്തുവും നെൽസൺ മൺഡേലയുമൊക്കെ ഈ വിധി ഏറ്റുവാങ്ങിയവരാണ്.ആ നിരയിലേക്ക് അണി ചേരാൻ ഓങ്ങ് സാങ്ങ് സൂചിയെയും, ഇറോം ശർമ്മിളയെയും, മേധാപട്കറെയും പോലുള്ള ഒട്ടേറെപ്പേർ തങ്ങളുടെ ഊഴം കാത്തിരിക്കുന്നുമുണ്ട്.*

ഇവരെ നമ്മെപ്പോലുള്ള ഭീരുക്കളിൽ നിന്നും വ്യതിരിക്തമാക്കുന്നത്.

ജീവിതത്തിൽ തീർത്തും സാധാരണങ്ങളായ ചെറു പരാജയങ്ങൾ പോലും നമ്മെപ്പോലുള്ള സാധാരണക്കാരെ പാടെ തളർത്തിക്കളയും. ചെയ്യുവാൻ കടപ്പെട്ട കാര്യങ്ങൾ പോലും പലപ്പോഴും പരാജയപ്പെട്ടേക്കാം എന്ന ഒരൊറ്റക്കാര്യം മാത്രം മുൻനിർത്തി നാം എത്രയോ തവണ ചെയ്യാതിരുന്നിരിക്കുന്നു. മക്കളുടെ കൃതഘ്നത പോലും നമ്മുടെ പ്രവർത്തിക്കാനുള്ള ഊർജ്ജം എത്രയോ തവണ ചോർത്തിക്കളഞ്ഞിരിക്കുന്നു. ഇനി അവരായി അവരുടെ പാടായി എന്ന പൊതുതത്വം വിളമ്പി നാം എത്രയോ തവണ നമ്മുടെ കർത്തവ്യങ്ങളിൽ നിന്ന് പിൻവലിഞ്ഞിരിക്കുന്നു.

എന്നാൽ യഥാർത്ഥത്തിൽ വിജയമല്ല, പ്രത്യുത പരാജയങ്ങളാണ് ഒരു വ്യക്തിയുടെ ശ്രേഷ്ഠതയുടെ ഉരകല്ല്. വിജയങ്ങളെ സമചിത്തതയോടെ കാക്കുന്നതിലും ഏറെ ദുഷ്ക്കരമാണ്, തത്തുല്യമായ സമചിത്തത പരാജയങ്ങളിലും പുലർത്തുക എന്നത്. അത്തരക്കാർക്കായി ആംഗലേയത്തിൽ ഒരു പ്രത്യേക വാക്കു തന്നെയുണ്ട്. ഗുഡ് ലൂസർ താൻ മനസ്സും ശരീരവും അർപ്പിച്ചു ചെയ്ത ഒരു കാര്യം പരാജയത്തിലേക്കു കൂപ്പുകുത്തുമ്പോൾ ശരീരവും മനസ്സും തളർന്നു പോവുക തികച്ചും സ്വാഭാവികമാണ്. എന്നാൽ, അതിനനുവദിക്കാതെ സ്ഥിരപ്രജ്ഞരായിരിക്കുന്നവരെയാണ് ആ വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. എന്നാൽ ഇന്നിത്തരക്കാർക്ക് ഏതാണ്ട് പൂർണ്ണമായും തന്നെ വംശനാശം നേരിട്ടു കഴിഞ്ഞിരിക്കുന്നു. കളികളിൽ പോലും പരാജയപ്പെടുക എന്നത് പുതുതലമുറയ്ക്ക് സഹിക്കാനാവുന്നില്ല.

എന്നാൽ, ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ ന്യൂനത അത് വിദ്യാർത്ഥികളെ വിജയം കൈപ്പിടിയിലൊതുക്കുന്നതെങ്ങനെ എന്നു മാത്രമേ പഠിപ്പിക്കുന്നു എന്നുള്ളതാണ്. പരീക്ഷാരംഭത്തിൽ കുൾ ഓഫ് ടൈം അനുവദിച്ചും, കയ്യയച്ച് മാർക്ക് ദാനം നൽകിയും, സേ പരീക്ഷ എഴുതിച്ചും, ഗ്രേഡിംഗിലൂടെ തോൽക്കുന്നവരുടെ വംശം തന്നെ ഇല്ലാതാക്കിയും നമ്മുടെ വിദ്യാഭ്യാസ വകുപ്പനുഷ്ഠിക്കുന്ന ഈ സത്കർമ്മത്തിന്റെ ആത്യന്തികഫലം ജീവിതപരീക്ഷയിൽ തോൽക്കാനുള്ള മനസ്സില്ലാത്ത ഒരു തലമുറയുടെ രൂപീകരണമാണ്. വൃത്തിയായൊന്നു തോൽക്കാൻ പോലും കെൽപ്പില്ലാത്തവരുടെ ഈ തലമുറ, ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ചില പരാജയങ്ങളുടെ മുന്നിൽ പകച്ചു നിൽക്കുമ്പോൾ ആരാണവർക്ക് കൂൾ ഓഫ് ടൈമും, മോഡറേഷനും കൊടുക്കുക. സേ പരീക്ഷയ്ക്കും അവിടെ വകുപ്പില്ല.

ബാല്യകാല കേളികളിൽ പണ്ട് ഏറെ പ്രാമുഖ്യം നേടിയിരുന്ന പാമ്പും കോണിയും കളിയുടെ ഏറ്റവും വലിയ പാഠം, തൊണ്ണൂറ്റിയെട്ടാമത്തെ കളത്തിൽ നമ്മെ വിഴുങ്ങാൻ കാത്തിരിക്കുന്ന ഒരു നീളമേറിയ പാമ്പാണ്. അതിലൂടെ ഒട്ടേറെ തവണ കളിക്കളത്തിനു താഴെയെത്തിയിട്ടുള്ള ഒരുവനും വിജയങ്ങളിൽ മതിമറന്നു പോകുമെന്നും, പരാജയങ്ങളിൽ കഠിനമായി വേദനിക്കുമെന്നും ഞാൻ കരുതുന്നില്ല. എന്നാൽ, ഇന്ന് നമ്മുടെ വിദ്യാഭ്യാസ വിവക്ഷണർ ആ കളിക്കളത്തിൽ നിന്ന് പാമ്പുകളെ ഒന്നൊഴിയാതെ നീക്കംചെയ്യാനുള്ള തത്രപ്പാടിലാണ്. അങ്ങനെ തോൽവിയെക്കുറിച്ച് കേട്ടുകേൾവി പോലും ഇല്ലാത്ത ഈ പുതിയ തലമുറ, ജീവിതത്തിൽ അവരെ കാത്തിരിക്കുന്ന വാരിക്കുഴികൾക്കു മുന്നിൽ പകച്ചുപോയില്ലെങ്കിലേ അത്ഭുതമുള്ളൂ. അന്നവർക്കു താങ്ങായി ആരുണ്ടാകാൻ?

അതുപോലെത്തന്നെയാണ് തോൽക്കുമെന്നുറപ്പുള്ള, അതുപോകട്ടെ തോൽക്കാനിടയെങ്കിലുമുള്ള പോരാട്ടങ്ങൾക്കിറങ്ങാനുള്ള പുതുതലമുറയുടെ വൈമുഖ്യവും. ആത്യന്തികവിജയം തനിക്കായിരിക്കുമെന്ന് ഉറപ്പു കിട്ടിയാലല്ലാതെ ഉത്തരാധുനിക ദാവീദുമാർ ഇക്കാലത്ത് ഗോലിയാത്തിനെ വെല്ലുവിളിക്കുക കുടിയില്ല. സമകാലീന ഇന്ത്യൻ രാഷ്ട്രീയത്തിൽ മേധാപട്കർ അനന്യമായ ഒരു കാഴ്ചയാകുന്നതും അതിനാൽത്തന്നെ. ഭരണകൂടവും, നീതിപീഠവും, ബ്യൂറോക്രസിയുമെല്ലാം, എന്തിന്, താനാർക്കുവേണ്ടിയാണോ പോരാടുന്നത്, അതേ ജനത തന്നെയും മാറിമാറി തോൽപ്പിച്ചിട്ടും ഇന്നും അവർ ഇന്ത്യയിലെമ്പാടുമുള്ള പ്രതിരോധ സമരങ്ങളുടെയും മുന്നിൽത്തന്നെയുണ്ട്. അത്തരം പോരാട്ടങ്ങളുടെ ആത്യന്തിക പരിണിതിയായ പരാജയത്തെ ഭയക്കാതെ, മുൻനിര പോരാളിയായെത്തുന്ന ആ സ്ത്രീ, എന്റെ മനസ്സിൽ മഹാത്മാവിനേക്കാൾ ഒരു പടി മുന്നിലാണ്. കാരണം മറ്റൊന്നുമല്ല, ഗാന്ധിജി പോരാടിയിരുന്നത് കുറേക്കുടി ഋജുവായി ചിന്തിക്കുന്ന, പുറംമോടിക്കെങ്കിലും മാന്യത സൂക്ഷിക്കാൻ നിർബന്ധിതരായിരുന്ന ഇംഗ്ലീഷുകാർക്കെതിരെയായിരുന്നു. എന്നാൽ ഇന്ന്, കോർപറേറ്റുകളുടെ കയ്യിലെ ചരടുകൾക്കൊത്ത് ചലിക്കുന്ന, തെരഞ്ഞെടുപ്പുകാലത്തൊഴികെ സ്വന്തം ജനതയോട് വിധേയത്വമോ ഭയമോ കാണിക്കാത്ത അതിസങ്കീർണ്ണമായ ഭരണകൂടങ്ങൾക്കെതിരെയാണ്.

പരാജയത്തെ സിമുലേറ്റ് ചെയ്ത്, അതിനോട് സമരസപ്പെടുവാൻ ശ്രമിച്ചിരുന്നയാളായിരുന്നു നാറാണത്തു ഭ്രാന്തൻ. കല്ലുരുട്ടി കുന്നു കയറിയ ശേഷം പൊട്ടിച്ചിരിച്ചുകൊണ്ട് അത് താഴേക്കുരുട്ടി വിടുന്ന വിദ്യ, മനസ്സിലെങ്കിലും ഒന്ന് സാധകം ചെയ്തുറപ്പിക്കുന്നത് നന്ന്. എങ്കിൽ ജീവിതത്തിന്റെ അന്ത്യപാദത്തിൽ നമ്മെ കാത്തിരിക്കുന്ന പരാജയത്തിൽ നിന്നുളവാകുന്ന വിഷാദപർവ്വത്തിൽ നിന്നു കരകയറാൻ അതു നമ്മ സഹായിക്കും. തീർച്ച. *( തിയോ മനുഷ്യസ്നേഹി)*

***ഇതു വായിക്കുന്നവർ ഫോട്ടോ കോപ്പി എടുത്ത് പത്തുപേർക്കെങ്കിലും വിതരണം ചെയ്യാമോ..***

ജോസെ സാരമാഗു നോബെൽ സമ്മാനം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രഭാഷണം

ഭാഗം-2

പരിഭാഷ: പി.പി. സുരേഷ്കുമാർ

# കഥാപാത്രങ്ങൾ എഴുത്തുകാരനെ സൃഷ്ടിക്കുമ്പോൾ...

എന്റെ മുത്തശ്ശി അതിസുന്ദരിയായിരുന്നെന്ന് അവരെ ചെറുപ്പത്തിൽ കണ്ടവർ പറഞ്ഞു കേട്ടിട്ടുണ്ട്. അതിലെന്റെ മുത്തശ്ശനും ഉൾപ്പെടും. അപ്പോൾ ഒരു കാര്യം ഞാൻ അത്ഭുതത്തോടെ മനസ്സിലാക്കി - ഞാൻ പോലുമറിയാതെ അവരെന്റെ കഥകളിലെ കഥാപാത്രങ്ങളായി മാറി. അവരെ എന്നെന്നും ഓർമ്മിക്കാൻ ഞാൻ തിരഞ്ഞെടുത്ത വഴി അതായിരിക്കണം. സംഭവരഹിതവും ഒരുവേള മടുപ്പുളവാക്കിയതുമായ അവരുടെ ജീവിതത്തിൽ ഞാൻ സ്നേഹത്തിന്റെ ചായമണിയിച്ചു. വിരസമായ അവരുടെ ജീവിതസന്ദർഭങ്ങളെ അൽപമൊന്ന് സരസമാക്കാനും അതുവഴി അവരുടെ ഗ്രാമീണ ജീവിതത്തിന് നിറപ്പകിട്ട് നൽകാനും ഞാൻ ശ്രമിച്ചു. എന്റെ മാതാപിതാക്കളുടെ കാര്യത്തിലും ഞാനിത് തുടർന്നു. നിറം മങ്ങിയ ഒരു പഴയ ഫോട്ടോ ഈയവസരത്തിൽ എന്റെ മനസ്സിലേക്കു വരുന്നു. എന്റെ മാതാപിതാക്കളുടെ ഫോട്ടോ ആയിരുന്നു അത്. എൺപത് വർഷമെങ്കിലും പഴക്കം കാണുമതിന്. വടക്കൻ ആഫ്രിക്കയിലെ ഏതോ പ്രാചീന ഗോത്ര പാരമ്പര്യത്തിൽ വേരുകളുള്ള ഒരു മുതുമുത്തശ്ശന്റെ വിദൂരഛായയുണ്ടായിരുന്നു എന്റെ അച്ഛന്. ആ ഫോട്ടോയെക്കുറിച്ച് ഞാനിങ്ങനെയെഴുതി - എന്റെ അച്ഛനും അമ്മയും. കാണാൻ ഭംഗിയുള്ളവർ. ക്യാമറയെന്ന അപൂർവ്വ വസ്തുവിനു മുന്നിൽ അത്ഭുതത്തോടെയാണവർ നിൽക്കുന്നത്. അവരുടെ കണ്ണുകളിൽ ഒരല്പം ഭയം പോലും നിഴലിക്കുന്നില്ലേ? ഇനി ഒരിക്കലുമാവർത്തിക്കാത്ത ഒരു ഭാവത്തെ അനശ്വരമാക്കുന്ന രംഗത്തിന്റെ ഭാവതീവ്രത. ഒരു ഉയരമുള്ള പ്രതലത്തിൽ വലതു കൈമുട്ട് കുത്തി അല്പം ചെരിഞ്ഞു നിൽക്കുന്ന എന്റെ അമ്മ. അവരുടെ കൈയിലൊരു വിരിഞ്ഞ പൂവുണ്ട്. അതവർ നെഞ്ചോടു ചേർത്തുവെച്ചിരിക്കുന്നു. തന്റെ പ്രിയതമയെ ശ്രദ്ധാപൂർവ്വം കൈകൊണ്ട് കൂട്ടിപ്പിടിച്ച് സംരക്ഷണ ഭാവത്തോടെ അച്ഛൻ. അച്ഛന്റെ തഴമ്പു പിടിച്ച കൈ അമ്മയുടെ ചുമലിലാണ്. വൃക്ഷശാഖകളും ഇലകളും വരച്ച, വർണ്ണഭംഗിയാർന്ന ഒരു പരവതാനിയിലാണവർ നിൽക്കുന്നത്. ചിത്രാങ്കിതമായ ഒരു പശ്ചാത്തലദൃശ്യം ഫോട്ടോയ്ക്ക് അഴകു കൂട്ടുന്നു. ഞാനാ വിവരണം അവസാനിപ്പിച്ചതെങ്ങനെയെന്ന് എനിക്കിപ്പോഴും ഓർമ്മയുണ്ട് - ഇവരെക്കുറിച്ചൊക്കെ ഇനിയുമേറെ പറയാനുള്ള ദിവസത്തിനായി ഞാൻ കാത്തിരിക്കുകയാണ്. ഇതിലെന്തു പൊതു താൽപര്യമെന്ന് ചോദിച്ചേക്കും. സത്യം, ഇതെന്നെ മാത്രം സംബന്ധിക്കുന്ന കാര്യങ്ങളാണ്. വടക്കൻ ആഫ്രിക്കയിൽ വേരുകളുള്ള ഒരു മുതുമുത്തശ്ശൻ, പ്രകൃതിസ്നേഹികളായ മുത്തശ്ശനും മുത്തശ്ശിയും, ഒരു പൂ കൈയിലേന്തി നിൽക്കുന്ന അമ്മ, അമ്മയെ ചേർത്തുപിടിച്ചു നിൽക്കുന്ന അച്ഛൻ..... എനിക്ക് വേറെ വംശപാരമ്പര്യത്തിന്റെ ആവശ്യമില്ല. എനിക്കു ചാരിനിൽക്കാൻ ഈ മരം മതി.

മുപ്പത് വർഷങ്ങൾക്കു മുമ്പാണ് ഞാനീ വരികളെഴുതിയത്. എന്റെ ഹൃദയത്തോടൊട്ടി നിൽക്കുന്നവരുടെ ജീവിതസന്ദർഭങ്ങളെ സാക്ഷ്യപ്പെടുത്തുക എന്നതിലുപരി എനിക്ക് പ്രത്യേകിച്ചൊരുദ്ദേശ്യവുമില്ലായിരുന്നു. ഞാനാരെന്നോ, എന്റെ വേരുകളെവിടെയെന്നോ, ഞാനേതുതരം മനുഷ്യനാണെന്നോ പറയുക' എന്റെ ലക്ഷ്യമായിരുന്നില്ല. എന്നാൽ ജൈവിക വാസനകളുടെ കൂമ്പാരം മാത്രമല്ല മനുഷ്യനെന്നും, പാരമ്പര്യഘടകങ്ങൾ നിഗൂഢമായ തരത്തിൽ ഉള്ളിലെവിടെയൊക്കെയോ പ്രവർത്തിക്കുന്നുണ്ടെന്നും എനിക്ക് കാലക്രമേണ മനസ്സിലായി. എന്റെ വംശവൃക്ഷം (ഈ പ്രയോഗം ഒരധികപ്രസംഗമായി തോന്നുന്നുവെങ്കിൽ ക്ഷമിക്കുക) വിശാലാർത്ഥത്തിൽ പരിപൂർണ്ണമായ ഒന്നായിരുന്നില്ല. കാലത്തിന്റെ പ്രഹരമേറ്റും, ജീവിതത്തിന്റെ ദാക്ഷിണ്യരഹിത നിലപാടുകൊണ്ടും അതിന്റെ പല ശിഖരങ്ങളും അടർന്നുപോയിരുന്നു. ആഴത്തിൽ വേരുകളോടി വിശാലമായി പടർന്നു പന്തലിച്ച് പക്ഷികൾക്ക് കൂടുകളൊരുക്കാനും യാത്രാവേളകളിൽ ഇടത്താവളമാക്കി മാറ്റാനും.... അങ്ങനെയൊന്നും അതിനസ്തിത്വമുണ്ടായിരുന്നില്ല. പരിമിതികൾ പലതായിരുന്നു; സഹായഹസ്തങ്ങൾ കുറവും.

സാധാരണക്കാരിൽ സാധാരണക്കാരായിരുന്നു എന്റെ മാതാപിതാക്കൾ. എന്റെ മുത്തശ്ശനും മുത്തശ്ശിയും

---

ധ്യാനകഥ

## കടൽ

നിരന്തരമായി സുമോ ഗുസ്തിയിൽ പരാജയപ്പെട്ട ഒരു ചെറുപ്പക്കാരൻ മാസ്റ്ററെ കാണാൻ എത്തുന്നു. അയാൾ ചോദിച്ചു. നീ കടൽ കണ്ടിട്ടില്ലേ? ഗുസ്തിക്കാരൻ കുപിതനാകുന്നു. ഇല്ല നീ കണ്ടിട്ടില്ല. കാരണം കടൽ നിന്നെ ഒന്നും പഠിപ്പിച്ചില്ല. നാളെ പുലരിയിൽ കടലോരത്ത് ചെല്ലുക. ചമ്രം പടിഞ്ഞ് തിരകളെ ധ്യാനിക്കുക. മനസ്സിനോട് മന്ത്രിക്കുക. നിന്റെ ഉള്ളിലും ഒരു തിരയുണ്ട്.

അയാൾ തിരയെ കണ്ടു. ഒരു തിര തല്ലി മരിക്കുമ്പോൾ അതേ തിരയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന എണ്ണമില്ലാത്ത തിരകൾ... പിന്നീടൊരിക്കലും അയാളുടെ മനസ്സു തളർന്നിട്ടില്ല. നിന്റെ ഉള്ളിൽ പുറത്തുള്ളതിനേക്കാൾ മഴയുണ്ട്, വനമുണ്ട്, ഖനിയുണ്ട്, ആകാശമുണ്ട്, നീയാണ് പ്രപഞ്ചം. ചെരുപ്പുകൾ അഴിച്ചുവെച്ച് അകത്തേക്ക് പ്രവേശിച്ചുകൊള്ളൂ...



*ജോസെ സാരമാഗുവിന്റെ ബാല്യകാല ചിത്രം*

അങ്ങനെത്തന്നെ. വാക്കുകളെക്കൊണ്ട് ഞാനവരുടെ ജീവിതം വരച്ചപ്പോൾ അവർ ഊർജ്ജവും ചൈതന്യവും ഉൾക്കൊണ്ട് വേഷം പകർന്നാടുന്നതിന് ഞാൻ സാക്ഷിയായി. എന്റെ ജീവിതം കരുപ്പിടിപ്പിച്ചവർ എന്റെ കഥാപാത്രങ്ങളായി മാറി. സ്വയം മറന്ന് ഞാനാ കഥാപാത്രങ്ങളെ പിന്തുടർന്നു. പിന്നീട് ഞാനെഴുതിയതെല്ലാം ആ കഥാപാത്രങ്ങളുടെ സംഭാവനയായിരുന്നു. ഞാനൊരു നിമിത്തമായി മാറുകയും കഥാപാത്രങ്ങൾ സാഹിത്യനിർമ്മിതി നടത്തുകയും ചെയ്തു. അതിനാവശ്യമായതെല്ലാം അവർ തന്നെ കൊണ്ടുവന്നു. നല്ലതായാലും ചീത്തയായാലും പൂർണ്ണമായാലും അപൂർണ്ണമായാലും.

ഒരെഴുത്തുകാരനെന്ന നിലയിൽ നിങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ എനിക്ക് സ്വയമൊരു ചോദ്യം ചോദിക്കാനുണ്ട് - ഞാനെന്റെ കഥാപാത്രങ്ങളുടെ സ്രഷ്ടാവാണോ അതോ കഥാപാത്രങ്ങൾ എന്നെ സൃഷ്ടിക്കുകയായിരുന്നോ? ഒരേ സമയം ഞാനിതു രണ്ടുമാണെന്ന നിഗമനത്തിലാണ് ഞാനെത്തി നിൽക്കുന്നത്. എന്റെ പുസ്തകങ്ങളിലൂടെ, ഞാനെഴുതുന്ന ഓരോ വാക്കിൽ കൂടിയും അക്ഷരത്തിലൂടെയും ഞാനെന്റെ കഥാപാത്രങ്ങളെ എന്നിലേക്കാവാഹിക്കുകയായിരുന്നു, എന്നിൽ നിറക്കുകയായിരുന്നു. ആ കഥാപാത്രങ്ങൾ എന്നെ രൂപപ്പെടുത്തി എന്നു പറയാൻ ഞാനെന്തിനു മടിക്കണം? അവരില്ലായിരുന്നുവെങ്കിൽ നിങ്ങളുടെ മുമ്പിൽ നിൽക്കുന്ന, നിങ്ങളറിയുന്ന ഈ ജോസെ സാരമാഗു ഉണ്ടാകുമായിരുന്നില്ല. ഏതോ ഒരു തനിയാവർത്തനത്തിന്റെ ദുർബലമായ അസ്തിത്വവും പേറി, ഒരു നോക്കുകുത്തി പോലെ, കാലപ്രവാഹത്തിലെ ഒരു ക്ഷീണിത ബിന്ദുവായി ഈയുള്ളവൻ കഴിയുമായിരുന്നു..!


വർഷങ്ങൾക്കു പിറകിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ എനിക്കൊരു കാര്യം വ്യക്തമായി മനസ്സിലാവുന്നു. എന്റെ കഥാപാത്രങ്ങൾ വെറും കഥാപാത്രങ്ങൾ മാത്രമായിരുന്നില്ല, അവരെന്നെ ജീവിതം പഠിപ്പിച്ച ഗുരുക്കൻമാർ കൂടിയായിരുന്നു. കഠിനാധ്വാനത്തിന്റെ വില ഞാനറിഞ്ഞത് അവരിൽക്കൂടിയായിരുന്നു. എന്റെ നാടകങ്ങളിലെയും നോവലുകളിലെയും ദശക്കണക്കിനു കഥാപാത്രങ്ങൾ എന്റെ മനസ്സാകുന്ന കണ്ണാടിക്കു മുമ്പിലൂടെ നടന്നു നീങ്ങുന്നത് ഞാൻ കാണുന്നു. ഒരെഴുത്തുകാരനെന്ന നിലയിൽ ഞാനവരുടെ സ്രഷ്ടാവാണ്. അവരെന്തു ചിന്തിക്കണമെന്നും പറയണമെന്നും പ്രവർത്തിക്കണമെന്നും തീരുമാനിക്കുന്നത് ഞാൻ തന്നെയാണ്. സൃഷ്ടികർമ്മത്തിന്റെ വേദനാലഹരിയിൽ ഞാനവരെ ജീവിതത്തിന്റെ മൂശയിൽ വാർത്തെടുക്കുമ്പോൾ അവരെന്നിലും ഞാൻ പോലുമറിയാതെ ഒരു സൃഷ്ടികർമ്മം നിർവ്വഹിക്കുകയായിരുന്നു.

എനിക്ക് പരിമിതികളുണ്ട്. ഞാൻ ജീവിച്ചിരുന്ന ചുറ്റുപാടിൽ നിന്നു മാറി ഒരു കലാസൃഷ്ടിയോ അന്തരീക്ഷ സൃഷ്ടിയോ നടത്താൻ എനിക്കാവുമായിരുന്നില്ല. എന്റെ തന്നെ വേരുകൾ തേടിയാണ് ഞാനെന്റെ മനസ്സിൽ കിളച്ചത്. അതായിരുന്നു എന്റെ സാഹിത്യം. ഒരർത്ഥത്തിൽ ഞാൻ തേടിയത് എന്റെ മാത്രം വേരുകളായിരുന്നില്ല, എല്ലാ മനുഷ്യരുടെയും വേരുകളായിരുന്നു. ഞാനതിലെത്രമാത്രം വിജയിച്ചു എന്നത് വിലയിരുത്തേണ്ടത് ഞാനല്ല; നിങ്ങളാണ്, വായനക്കാരാണ്. കറകളഞ്ഞ സത്യസന്ധതയോടെ ഞാനൊരു കാര്യം പറയട്ടെ, എന്റെ പരിമിതികളെക്കുറിച്ച് എന്നെ ബോധവാനാക്കിയ ഒരു കഥാപാത്രത്തെ എനിക്ക് മറക്കാനാവില്ല. Manual of Painting and Calliography' എന്ന കഥയിലെ ആ കഥാപാത്രത്തിൽ എന്റെ ആത്മാംശമുണ്ട്. ഞാനെന്റെ ദൗത്യം ആ കഥാപാത്രത്തിലൂടെ മനസ്സിലാക്കുകയായിരുന്നു എന്ന് പറഞ്ഞാൽ അതായിരിക്കും സത്യം.

## ഒരു കടലാസ് വള്ളമുണ്ടാക്കാം

മഴ വരുമ്പോഴൊക്കെയും ഒരു കടലാസ് വള്ളമെങ്കിലും ഒഴുകിപ്പോകുന്നത് കാണാത്തവരുണ്ടാവില്ല; ജീവിതത്തിന്റെ പാതിയും കടന്നുവന്ന് നിൽക്കുന്നവർക്കിടയിൽ. ഈ തലമുറയോടായ്- ഒരു കടലാസ് എടുക്കൂ, ഒരു വള്ളമുണ്ടാക്കാം. എന്ന് പറഞ്ഞാലോ? അതിശയകരമായ ചിലത് അവിടെ സംഭവിക്കും - ആ കടലാസ് മടക്കിനായ് തുടങ്ങുമ്പോൾ. കടലാസ് മടക്കൽ എവിടെയാണെന്നും ഞാൻ എങ്ങിനെയാണ് ഈ കടലാസ് മടക്കി ഒരു വള്ളമുണ്ടാക്കിരുന്നതെന്നും ആലോചിച്ച് നിൽക്കും. ഒരു കടലാസ് വള്ളമുണ്ടാക്കി വെള്ളത്തിലിട്ട് രസിച്ചവരുടെ കൂട്ടത്തിലെ അവസാന കണ്ണിയാകണമോ താങ്കൾക്ക്. അല്ലെങ്കിൽ വരൂ, ഒരു കടലാസ് വള്ളമുണ്ടാക്കാം. മഴ ഇനിയും വരും.

- ശ്രീനി വാസുദേവ്



*ഒരു കടലാസ് വള്ളമുണ്ടാക്കാനായി ഒരു പേപ്പർ എടുത്ത് വെച്ച് അതുണ്ടാക്കാനാവാതെയും എവിടെ മടക്കണമെന്നത് ഓർത്തെടുക്കാനാവാതെയും നിന്നപ്പോൾ... ..പിന്നീട് ഒരു സുഹൃത്തിന്റെ സഹായം തേടി ഒരു കടലാസ് വള്ളമുണ്ടാക്കിയ 46 കാരൻ അയച്ചു തന്ന കുറിപ്പ്. ഈ കടലാസ് വള്ളം ഇപ്പോഴും തന്റെ മേശയ്ക്ക് പുറത്ത് ഇരിപ്പുണ്ടന്നും ചെറുതെങ്കിലും ചെറിയ ചില കുറിപ്പുകൾ നൽകുന്ന വായനാനുഭവം ചെറുതല്ലാത്ത വലിയ ആശ്വാസമായി ഒരു പച്ചയായി മനസ്സിനും ശരീരത്തിനും ആശ്വാസമാകാറുണ്ടന്നും അത്തരം അനുഭവക്കുറിപ്പുകൾ അയച്ചുതരാൻ വായനക്കാരോട് പറയണമെന്നും കുറിപ്പെഴുതിയ സുഹൃത്ത്.ചെറുതെങ്കിലും ചെറുതല്ലാത്ത വലിപ്പം അവയിൽ പലതിനും ഉണ്ടാവും അതിനാൽ സുഹൃത്തേ ഇനി നിങ്ങളുടെ ഊഴമാണ്.*

***ലിമാ***

*സ്ത്രീകളെ അടുക്കളയിൽ നിന്ന് മോചിപ്പിക്കുക എന്ന സ്ത്രീവാദ ആശയത്തെ കൂടുതൽ വിപുലമാക്കി, കുടുംബത്തെ തന്നെ അടുക്കളയിൽ നിന്ന് മോചിപ്പിക്കുക എന്നതും , അടുക്കള അടിമ എന്ന കീഴാള സ്ഥാനത്തു നിന്ന് സ്ത്രീക്ക് മോചനം ലഭിക്കുകയും ചെയ്യുന്നു എന്നതുമാണ് സമൂഹ അടുക്കള എന്ന ആശയം മുന്നോട്ടുവെക്കുന്നത്.*

# സമൂഹ അടുക്കള യാഥാർത്ഥ്യമാകുമ്പോൾ

**ജി പി രാമചന്ദ്രൻ**

കേരള സമൂഹത്തിലെ സാംസ്ക്കാരികവും ലിംഗപരവും സാമ്പത്തികവും പാരിസ്ഥിതികവും ആരോഗ്യപരവും മറ്റുമായ നിരവധി പ്രശ്നങ്ങൾക്ക് നല്ലൊരളവു വരെ പരിഹാരം കാണാൻ കഴിയുന്ന ഒരു പരീക്ഷണമായിരിക്കും സമൂഹ അടുക്കളയുടേത്. ലളിതമായി പറഞ്ഞാൽ; ഓരോ കുടുംബവും അവരവർക്കാവശ്യമുള്ള ഭക്ഷണം അവരവരുടെ വീടുകളിലെ അടുക്കളയിൽ പാകം ചെയ്യുന്ന ഇപ്പോഴത്തെ രീതിക്കു പകരം, പ്രാദേശികമായി രൂപികരിക്കുന്ന സമൂഹ അടുക്കളയിൽ അതാത് പ്രാദേശിക സമൂഹത്തിനാവശ്യമുള്ള ഭക്ഷണം പാകം ചെയ്യുകയും ആവശ്യമുള്ളതു പോലെ വിതരണം ചെയ്ത് ഭക്ഷിക്കുകയും ചെയ്യുന്ന രീതിയെയാണ് സമൂഹ അടുക്കള എന്ന് വിഭാവനം ചെയ്യുന്നത്. ഈ സമൂഹ അടുക്കളയിലേക്കാവശ്യമുള്ള വിഭവങ്ങൾ സംഭാവനയായി പിരിച്ചെടുക്കുകയോ, പങ്കെടുക്കുന്ന അംഗകുടുംബങ്ങളിൽ നിന്ന് ശേഖരിക്കുകയോ ചെയ്യാവുന്നതാണ്. നിർബന്ധത്തിന്റെ അംശം ഒട്ടുമില്ലാതിരിക്കുന്നതാണ് നല്ലത്. പാചകം ചെയ്യുന്ന പ്രവൃത്തി സേവനമായി ചെയ്യുകയോ, കൂലി കൊടുത്ത് ചെയ്യിക്കുകയോ ആവാം. പൊതുവായി അതാത് പ്രദേശത്തുള്ള രുചികൾക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പം, മറ്റു നാടുകളിലെ രുചികളും പരീക്ഷിക്കാവുന്നതാണ്. ഇക്കാലത്ത്, ചാനലുകളിൽ നിരന്തരമായി കാണിക്കുന്ന പാചക റിയാലിറ്റി ഷോകളിൽ നിന്നും പരീക്ഷണങ്ങളാവാം. ഇത്തരം സമൂഹ അടുക്കളകളുടെ മെച്ചങ്ങളെന്തൊക്കെയെന്നു പരിശോധിക്കാം.

സാമ്പത്തികമായ വൻ ലാഭമാണ് പ്രധാനപ്പെട്ട ഒരു ഗുണം. എല്ലാ വീടുകളിലും ആവശ്യത്തിനും അനാവശ്യത്തിനും ശേഖരിക്കുന്ന ഭക്ഷണാവശ്യാർത്ഥമുള്ള പലചരക്കിന്റെയും പച്ചക്കറിയുടെയും മാംസം, മീൻ എന്നിവയുടെയും അളവിൽ ഗണ്യമായ കുറവു വരുന്നതാണ്. കൂട്ടമായി പ്ലാൻ ചെയ്ത് വാങ്ങുകയോ ശേഖരിക്കുകയോ ചെയ്യുമ്പോൾ ഇക്കാര്യത്തിൽ വലിയ ലാഭം തന്നെ ഉണ്ടാവുന്നതാണ്. മാത്രമല്ല, ആ പ്രദേശത്ത് ആരും തന്നെ പട്ടിണി കിടക്കുന്നില്ല എന്ന് ഈ സംവിധാനത്തിലൂടെ ഉറപ്പു വരുത്താൻ കഴിയുന്നു. കൂട്ടമായി ഭക്ഷണം പാകം ചെയ്യുമ്പോൾ, പണം സംഭാവനചെയ്യാൻ കഴിയാത്തവർക്കും മറ്റും വേണ്ട ഭക്ഷണം കൊടുക്കുന്നത് ഒരു ഭാരമേ ആവില്ല. ഓരോ കുടുംബത്തിന്റെയും ബഡ്ജറ്റിലും സമൂഹ അടുക്കളയിലെ പങ്കാളിത്തത്തോടെ, വൻ കുറവ് വരുന്നതാണ്. സമൂഹ അടുക്കളകൾ സുസ്ഥിരമായിക്കഴിഞ്ഞാൽ, പിന്നീട് ആ പ്രദേശത്ത് പണി കഴിപ്പിക്കുന്ന വീടുകളിൽ അടുക്കളകൾ പണിയേണ്ടി വരില്ല. വീടുകൾക്കായുള്ള കെട്ടിട നിർമാണച്ചെലവിൽ ഇതു മൂലം വൻ ലാഭമുണ്ടാവുന്നു. ഫ്രിഡ്ജ്, ഓവൻ തുടങ്ങിയ ആധുനിക ഉപകരണങ്ങളും എല്ലാ വീട്ടിലും വേണ്ടതില്ല. ഗ്യാസ്, വൈദ്യുതി, വെള്ളം എന്നിവയുടെ ബില്ലുകളും ഗണ്യമായി കുറയുന്നതാണ്.

സ്ത്രീകളെ അടുക്കളയിൽ നിന്ന് മോചിപ്പിക്കുക എന്ന സ്ത്രീവാദ ആശയത്തെ കൂടുതൽ വിപുലമാക്കി, കുടുംബത്തെ തന്നെ അടുക്കളയിൽ നിന്ന് മോചിപ്പിക്കുക എന്ന ആശയം പ്രചാരത്തിലാവുന്നു. കുടുംബത്തിലെല്ലാവരുടെയും സമയവും പ്രയത്നവും കൂടുതൽ സർഗാത്മകമായ കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. കുടുംബം ഒന്നാകെ അടുക്കളയിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതോടെ, അടുക്കള അടിമ എന്ന കീഴാള സ്ഥാനത്തു നിന്ന് സ്ത്രീക്ക് മോചനം ലഭിക്കുകയും സ്ത്രീ പുരുഷ തുല്യത ഒരളവു വരെ സ്ഥാപിതമാകുകയും ചെയ്യുന്നു. എന്നാൽ, പാചകത്തിലുള്ള താൽപര്യമോ മികവോ ആരും ഉപേക്ഷിക്കേണ്ടതുമില്ല. സമൂഹ അടുക്കളയിൽ സേവനം ചെയ്തോ പ്രതിഫലത്തിന് പണിയെടുത്തോ പാചകകലയിൽ തുടരാവുന്നതുമാണ്. ഇക്കാര്യത്തിലും സ്ത്രീക്കും പുരുഷനും തുല്യരീതിയിലാണ് അവസരം.

കേരളത്തെ ഇന്ന് ഭീമാകാരമായി ബാധിച്ചിരിക്കുന്ന മാലിന്യ പ്രശ്നത്തിൽ നിന്ന് വലിയൊരളവുവരെ മോചനം നേടാനും സമൂഹ അടുക്കള ഉപകരിക്കുന്നതാണ്. വീടുവീടാന്തരം ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നതിനാണ് പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കപ്പെടുന്നത്. ഒരു കിലോ ആട്ട വീട്ടിലേക്ക് വാങ്ങി എന്നു കരുതുക. ആദ്യം നേരിയ ഒരു പ്ലാസ്റ്റിക് കവറിലും അതിനു പുറത്ത് ബ്രാന്റിന്റെ പേരും വിവരണങ്ങളുമടങ്ങിയ കട്ടിയുള്ള പ്ലാസ്റ്റിക് കവറും പിന്നീട് അതിടാൻ നിരോധിക്കപ്പെട്ട ഒരു പ്ലാസ്റ്റിക് കിറ്റും, അങ്ങിനെമൂന്നു തരത്തിലുള്ള പ്ലാസ്റ്റിക്കുറകളാണ് മാലിന്യമായി കളയാനുണ്ടാവുക. എന്നാൽ, നാൽപതോ അമ്പതോ വീടുകളുടെ ഒരു സമുച്ചയത്തിൽ രൂപീകൃതമാകുന്ന സമൂഹ അടുക്കളയിലേക്ക് ആട്ടയുടെ അമ്പതു കിലോയുടെ ഒരു ചാക്ക് വാങ്ങിയാൽ എത്ര കുറവ് മാലിന്യമേ ഉണ്ടാവു എന്ന് നേരിൽ തന്നെ അറിയാൻ കഴിയും. ഇങ്ങനെഓരോ കാര്യത്തിലുമായാൽ, വൻ തോതിൽ മാലിന്യം കുറയുക എന്ന ആഹ്ലാദകരമായ ഫലമാണുണ്ടാകാൻ പോകുന്നത്. മാത്രമോ, പാകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ ഉപയോഗിക്കാതെ കളയുമ്പോഴുണ്ടാവുന്ന മാലിന്യത്തിലും ഗണ്യമായ കുറവുണ്ടാകുന്നു. സമൂഹ അടുക്കളയോടനുബന്ധിച്ച് സമൂഹ മാലിന്യ നിർമാർജനസംവിധാനം കൂടി പ്രാബല്യപ്പെടുത്തിയാൽ, ഒളിവിൽ സഞ്ചിയിലാക്കി മാലിന്യം കളയുന്ന ഗതികേടും വൃത്തികേടും ഒഴിവാക്കുകയും ചെയ്യാം.

*സമൂഹ അടുക്കള എന്നത് പുതിയ ഒരാശയമല്ല. അമേരിക്കയിലെ സാൾട് ലേക് നഗരത്തിൽ വൺ വേൾഡ് എവരിബഡി ഈറ്റ്സ് - ഒറ്റ ലോകം എല്ലാവരും ഭക്ഷിക്കുന്നു - എന്ന കഫേ, സമൂഹ അടുക്കള എന്ന ആശയത്തിൽ കെട്ടിയുണ്ടാക്കിയതാണ്. ഒരു കൈ സഹായിക്കൂ, ഒരു കൈയും ഒഴിവാക്കരുത് - എ ഹാന്റ് അപ്, നോട്ട് എ ഹാന്റ് ഔട്ട് - എന്നാണ് ഈ അടുക്കളയുടെ നിലപാട്.*

വീടുകളിൽ പാകം ചെയ്യുമ്പോൾ, പലപ്പോഴും ഭക്ഷ്യവസ്തുക്കൾ അധികം വരുക പതിവാണ്. ഇവ ഫ്രിഡ്ജിൽ സൂക്ഷിച്ച് ചൂടാക്കി ഉപയോഗിക്കുന്ന പ്രകൃതി വിരുദ്ധ അഭ്യാസം എല്ലാ വീടിലും പതിവാണ്. ഭാര്യയും ഭർത്താവും ജോലിക്കു പോകുന്ന വീടുകളിലാകട്ടെ, ആഴ്ചയിലൊരിക്കൽ കറികൾ പാകം ചെയ്ത് സൂക്ഷിച്ച് അതാത് ദിവസം ചൂടാക്കി ഉപയോഗിക്കുന്ന രീതികളുമുണ്ട്. ഇതെല്ലാം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്നല്ല, ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്നത് തുറന്ന സത്യമാണ്. സമൂഹ അടുക്കള എന്നത് തുറന്നതും സുതാര്യവുമായ രീതിയായതു കൊണ്ട് അവിടത്തെ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം കൂട്ടായി ഉറപ്പു വരുത്താൻ കഴിയുന്നു. ഫുഡ് ഇൻസ്പെക്ടർ ഓഫീസിൽ ജോലി ചെയ്യുന്നവരുടെയോ മറ്റോ സഹായം തേടാവുന്നതുമാണ്.

വീടുകളിൽ പ്രായമായ അച്ഛനമ്മമാരെ ഒറ്റക്കാക്കി, ലോകത്തിന്റെ വിവിധ കോണുകളിൽ ജോലിക്കു പോകേണ്ടി വരുന്ന നിർഭാഗ്യവാന്മാരെക്കുറിച്ചും നിർഭാഗ്യവതികളെക്കുറിച്ചുമുള്ള കുറ്റാരോപണങ്ങൾ നിരവധിയായി നാം ആഖ്യാനം ചെയ്തു കഴിഞ്ഞു. ഈ പ്രശ്നത്തിനും സമൂഹ അടുക്കള ഒരു പരിഹാരമാണ്. ഒരു പ്രദേശത്തെ പ്രായമായവർക്കൊക്കെയുമുള്ള ഭക്ഷണം, സമൂഹ അടുക്കളയിൽ നിന്ന് എളുപ്പത്തിൽ കൊടുക്കാവുന്നതേ ഉള്ളൂ. ഈ സംവിധാനം നിലവിൽ വരുകയാണെങ്കിൽ, അതി ധനികരായ പല പ്രവാസികളും തങ്ങളുടെ മാതാപിതാക്കൾ താമസിക്കുന്ന പ്രദേശത്തെ സമൂഹ അടുക്കളയുടെ മുഴുവൻ ചിലവും വഹിക്കാൻ വരെ തയ്യാറായേക്കും. സ്കൂളുകളിൽ നിന്ന് തിരിച്ചുവരുന്ന കുട്ടികളെ കാത്ത് വീടുകളിൽ കാത്തിരിക്കാൻ നിർവാഹമില്ലാത്ത ഉദ്യോഗസ്ഥ ദമ്പതികൾക്കും സമൂഹ അടുക്കള വലിയ ആശ്വാസമായിരിക്കും. അതായത്, ഒരു പ്രദേശത്തെ സമൂഹ അടുക്കള അതാത് പ്രദേശത്തെ വൃദ്ധ



*ഡെനിസ് സെറെറ്റ*

സദനത്തിന്റെയും ശിശു പരിപാലനകേന്ദ്രത്തിന്റെയും ധർമങ്ങൾ കൂടി നിർവഹിക്കുമെന്നർത്ഥം.

ജാതി മത വിഭജനങ്ങളെയും നല്ലൊരളവുവരെ സമൂഹ അടുക്കളക്ക് മറികടക്കാനാവും. പ്രാദേശികമായി രൂപപ്പെടുന്നതു കൊണ്ട്, കേരളം പോലെ വ്യത്യസ്ത ജാതി മതക്കാർ ഇട കലർന്ന് താമസിക്കുന്നതിനാൽ, എല്ലാവരും തമ്മിലുള്ള ഐക്യവും ഒരുമാബോധവും സമത്വ ചിന്തയും വർദ്ധിക്കും. അയൽക്കാർ തമ്മിലുള്ള വസ്തു തർക്കങ്ങൾ, വഴിത്തർക്കങ്ങൾ എന്നിവയും ഈ അടുക്കളയിലൂടെ പരിഹരിക്കാവുന്നതാണ്. തരിശിടുന്ന സ്ഥലങ്ങൾ കൃഷിഭൂമിയായി വീണ്ടെടുക്കാനും അവിടെ ധാന്യങ്ങളും പച്ചക്കറിയും പൊതു ഉടമസ്ഥതയിലും സേവനത്തിലും കൃഷി ചെയ്ത് വിളവെടുക്കാനും സാധിക്കുകയാണെങ്കിൽ ആ വിഭവങ്ങളും സമൂഹ അടുക്കളക്ക് ഉപകാരമാവും.

സമൂഹ അടുക്കള എന്നത് പുതിയ ഒരാശയമല്ല. അമേരിക്കയിലെ സാൾട് ലേക് നഗരത്തിൽ വൺ വേൾഡ് എവരിബഡി ഈറ്റ്സ് - ഒറ്റ ലോകം എല്ലാവരും ഭക്ഷിക്കുന്നു - എന്ന കഫേ, സമൂഹ അടുക്കള എന്ന ആശയത്തിൽ കെട്ടിയുണ്ടാക്കിയതാണ്. ഒരു കൈ സഹായിക്കൂ, ഒരു കൈയും ഒഴിവാക്കരുത് - എ ഹാന്റ് അപ്, നോട്ട് എ ഹാന്റ് ഔട്ട് - എന്നാണ് ഈ അടുക്കളയുടെ നിലപാട്. നിങ്ങൾക്ക് കഴിയാവുന്നത്ര പണം മാത്രമേ ഭക്ഷണം കഴിക്കുന്നവർ കൊടുക്കേണ്ടതുള്ളൂ. അതേ സമയം ഒരാൾക്കോ ഒരു കുടുംബത്തിനോ എന്തു കൊടുക്കാൻ കഴിയുമെന്നു പരിഗണിക്കാതെ തന്നെ അവർക്കാവശ്യമുള്ള ഭക്ഷണം കൊടുക്കുകയും ചെയ്യുന്നു. സേവനതൽപരരായ ആളുകളുടെ പരിശ്രമഫലമായാണ് കഫേ പ്രവർത്തിക്കുന്നത്. ഉയർന്ന നിലവാരമുള്ളതും ജൈവികവും ലളിതവുമായ ഭക്ഷണമാണ് അവിടെ ലഭിക്കുന്നത്. നോ മെനു, നോ പ്രൈസസ് എന്ന രീതിയും നടപ്പിലാക്കിയിരിക്കുന്നു. അതായത്, എന്താണോ ലഭ്യമാവുക അതെല്ലാവർക്കും ലഭിക്കും; ഓരോന്നിനും നിശ്ചിതമായ വില കൽപിച്ചിട്ടുമില്ല. വിലയായി പണം നൽകാൻ കഴിയാത്തവർക്ക് ശ്രമദാനവും നിർവഹിക്കാം. പാചകം ചെയ്യുക, പാത്രം കഴുകുക, തോട്ടത്തിൽ പണിയെടുക്കുക തുടങ്ങിയ പണികളൊക്കെ സമയവും കായിക ശേഷിയുമുള്ളവർക്ക് ചെയ്യാവുന്നതാണ്. നിങ്ങൾ കഴിച്ച ഭക്ഷണത്തിനനുസൃതമായതിനേക്കാൾ ജോലി ചെയ്താൽ മീൽസ് കൂപ്പണുകളും ലഭിക്കും. ഇവ പിന്നീടുപയോഗിക്കുകയോ, മറ്റുള്ളവർക്ക് ദാനം ചെയ്യുകയോ ചെയ്യാം. കൃത്രിമത്വമില്ലാതെ കൃഷി ചെയ്തുണ്ടാക്കുന്ന ഫലമൂലാദികൾ സംഭാവനചെയ്യുന്നവർക്കും സ്വാഗതം. സസ്യ, സസ്യേതര വിഭവങ്ങൾ ഇട കലർന്ന പാചകമാണ് ഇവിടെയുള്ളത്. കാളനാവാമെങ്കിൽ കാളയുമാവാമെന്നു ചുരുക്കം. വീട്ടു ഭക്ഷ്യ വസ്തുക്കളാണ് ഹോട്ടൽ ഭക്ഷണമെന്നതിനേക്കാൾ ഇവിടെ കൂടുതലുണ്ടാക്കുന്നത്. റൊട്ടി, സൂപ്പ്, സാലഡ്, ജൈവ കോഫിയും ചായയും,

*....അടുത്ത പേജിൽ*

ഡെസർട്, ധാന്യങ്ങൾ, പരിപ്പ്, ചോറ് എന്നിവയൊക്കെയാണ് സാധാരണം. കഴിയുന്നതും അതാത് പ്രദേശത്തുള്ള ലഭ്യതക്കനുസരിച്ചാണ് ഭക്ഷണം തയ്യാറാക്കുന്നത്.


2003ൽ ഡെനിസ് സെററ്റയാണ് കഫേ ആരംഭിച്ചത്. ഓഹ്യോ സ്റ്റേറ്റ് സർവകാലാശാലയിൽ നിന്ന് ബിരുദമെടുത്ത ഡെനിസ് ഇൻറർ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈനീസ് മെഡിസിനിൽ നിന്നും ഡിപ്ലോമ പാസായിട്ടുണ്ട്. ഇപ്പോൾ കഫേ വലുതായി, വൺ വേൾഡ് എവരിബഡി ഈറ്റ്സ് എന്ന ഫൗണ്ടേഷൻ തന്നെ നിലവിൽ വന്നു കഴിഞ്ഞു. മറ്റു നാലു പേർക്കു പുറമെ ഗ്രീസിലെ തെസലോനിക്കിയിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന മറിയാനാ ബോയനൈഡ്സും ബോർഡിലംഗമാണ്. മിഷിഗൻ സർവകലാശാലയിൽ ഇംഗ്ലീഷ് പ്രൊഫിഷ്യൻസി പരീക്ഷക കൂടിയായ മറിയാനാ യൂറോപ്പു മുഴുവനും വൺ വേൾഡ് എവരിബഡി ഈറ്റ്സ് എന്ന സങ്കൽപം പ്രചരിപ്പിക്കുകയാണ്. വൺ വേൾഡ് എവരിബഡി ഈറ്റ്സ് എന്ന പേരിൽ ആലീസ് എലിയറ്റ് സംവിധാനം ചെയ്ത ഡോക്കുമെൻററി ഡെനിസിന്റെ കഫേയുടെ ചരിത്രവും വർത്തമാനവും വിവരിക്കുന്നു. കഫേയിലെ വെള്ളക്കരം സ്ഥിരമായി ഒരാളടക്കുന്നു. മറ്റൊരാൾ, കാലേക്കർ പച്ചക്കറി തോട്ടം കഫേക്കായി സംഭാവനചെയ്തിരിക്കുന്നു. മറ്റു ചിലർ സ്ഥിരമായി പാത്രം കഴുകുന്നു; വേറെ ചിലരാകട്ടെ, ഉപകരണങ്ങൾ നേരെയാക്കി കൊടുക്കുന്നു. കഫേക്കായി കെട്ടിടം വിട്ടുകൊടുത്തിട്ടുള്ള കെട്ടിടമുടമ, ഡെനിസിനിഷ്ടമുള്ള വാടക നിശ്ചയിച്ച് തരാമെന്നാണ് പറഞ്ഞിട്ടുള്ളത്.

വിലയിടാതെ ഭക്ഷണം വിതരണം ചെയ്യുന്ന ഒരു കഫേ നിലനിൽക്കില്ല എന്നായിരുന്നു സാമ്പത്തിക വിദഗ്ദ്ധരുടെയും വിപണി പണ്ഡിറ്റുകളുടെയും വ്യാഖ്യാനം. എന്നാലത് ശരിയല്ലെന്ന് കഴിഞ്ഞ ഒമ്പതു കൊല്ലമായി തെളിയിക്കപ്പെട്ടിരിക്കുകയാണ്. http://www.oneworldeverybodyeatsfoundation.org/ എന്നതാണ് ഫൗണ്ടേഷന്റെ വെബ് വിലാസം. ഓഹിയോ സ്റ്റേറ്റ് സർവകലാശാലയിലെ എച്ച് ജി പാർസ ഇതു സംബന്ധിച്ച ഗവേഷണവും പൂർത്തിയാക്കിയിട്ടുണ്ട്. കൊളറാഡോയിലെ ഡെൻവറിൽ 2006ലാരംഭിച്ച സേം കഫേ (സോ ഓൾ മേ ഈറ്റ്), 2008ലാരംഭിച്ച വൺ വേൾഡ് സ്പൊക്കേൻ എന്ന സംഘടന, 2009ൽ ന്യൂജഴ്സിയിലെ ഹൈലാന്റ് പാർക്കിൽ ആരംഭിച്ച എ ബെറ്റർ വേൾഡ് കഫേ, എന്നിവ സമാനമാതൃകയിലുള്ളതാണ്. 2010 മുതൽ, owee ഫൗണ്ടേഷൻ ജനുവരി മാസത്തിൽ വാർഷിക സമ്മേളനവും വിളിക്കാനാരംഭിച്ചിട്ടുണ്ട്. 2014ലെ സമ്മേളനം, ടെക്സാസിലെ ഓസ്റ്റിൻ നഗരത്തിലായിരുന്നു. വ്യക്തിപരവും സാമൂഹികവുമായ പല തകരാറുകളെയും മറി കടക്കാൻ ഭക്ഷണ പാചക-വിതരണ രീതിയിൽ സ്വീകരിക്കുന്ന ഈ നൂതനത കൊണ്ട് കഴിയുമെന്നാണ് ഫൗണ്ടേഷൻ പ്രവർത്തകർ വാദിക്കുന്നത്. കഫേയിലെ ജോലിക്കാർക്ക് മികച്ച വേതനവും ലഭ്യമാക്കിയിട്ടുണ്ട്. സാധാരണ ഹോട്ടലുകളിൽ ജോലിക്കാരുടെ വേതനം അത്ര മികച്ചതല്ലെന്നോർക്കുക. ഉപഭോക്താവിന്റെ ഭിക്ഷയായ ടിപ്പിനു വേണ്ടി അവർ കാത്തു നിൽക്കുന്നത് ലോകം മുഴുവനുമുള്ള കാഴ്ചയാണല്ലോ! വിശപ്പിന്റെ ലോകത്തിന് വിരാമമിടുക എന്നതാണ് ഫൗണ്ടേഷന്റെ ആത്യന്തിക ലക്ഷ്യം.

ഭക്ഷ്യ സുരക്ഷ, സമൂഹ വത്ക്കരണം, ഭക്ഷ്യ വിഭവങ്ങളുടെ കൈകാര്യം എന്നീ മേഖലകളിൽ അതീവം ശ്രദ്ധേയമായ സംഭാവനകളാണ് ഇത്തരം കൂട്ടായ്മകൾക്ക് നൽകാനാവുക. സ്പിരിറ്റ് ഇൻ ബിസിനസ് - ഗൈഡ് ഫോർ സ്റ്റാർടിംഗ് എ കമ്യൂണിറ്റി കഫേ എന്ന ഗൈഡ് ഫൗണ്ടേഷന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് വായിക്കാവുന്നതാണ്. കേരളത്തിലും മറ്റും നടക്കാറുള്ള സമൂഹ നോമ്പുതുറ, പൂരങ്ങളിലും പള്ളിപ്പെരുന്നാളുകളിലും നേർച്ചകളിലും പതിവുള്ള സൗജന്യ ശാപ്പാട് എന്നിവയെല്ലാം സമൂഹ അടുക്കളയുടെ പ്രാരംഭമായി കരുതാവുന്നതുമാണ്. ഇവയെല്ലാം അതാത് മത സമുദായങ്ങളുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ, അവക്ക് അവയുടേതായ പരിമിതികളുണ്ട്. അവയെ, മതനിരപേക്ഷ സമൂഹ അടുക്കളയിലൂടെ വേണം മറി കടക്കാൻ.

കേരളത്തെ സംബന്ധിച്ചിടത്തോളവും ഈ ആശയം തികച്ചും നൂതനമാണെന്ന് കരുതേണ്ടതില്ല. അയൽകൂട്ടം എന്ന ആശയവുമായി ജീവിതം മുഴുവനും നില കൊണ്ട ഡി പങ്കജാക്ഷക്കുറുപ്പ് ഇക്കാര്യത്തിൽ നമുക്ക് മുമ്പേ നടന്ന ആളാണ്. 1923ൽ ജനിച്ച് 2004ൽ മരിക്കുന്നതു വരെയും അയൽകൂട്ടം എന്ന ആശയം പ്രായോഗികവത്ക്കരിക്കുന്നതിനു വേണ്ടി അശ്രാന്തമായി പരിശ്രമിച്ച അദ്ദേഹത്തിന്റെ ദർശനം ഇപ്രകാരമായിരുന്നു. 'വളരെ ലളിതവും സ്വാഭാവികവും സത്യസന്ധവും ആണ് ദർശനം കാണുന്ന പോംവഴി. നാം പരസ്പരം ഉണ്ട് എന്നുറപ്പാക്കുക. നിത്യേനകാണുന്നവരുമായി ഉള്ളു തുറന്ന് അടുത്തു പെരുമാറുക. അകലാതിരിക്കുവാൻ ബോധപൂർവം ശ്രമിക്കുക. മനുഷ്യൻ അന്യോന്യം നല്ല വ്യക്തിബന്ധത്തിൽ നിന്ന് ചെറു വൃത്തങ്ങളായി കൂടി ആലോചിച്ച് ജീവിക്കാൻ തുടങ്ങിയാൽ ലോകം സ്വസ്ഥമാവും. പ്രശ്നങ്ങൾ അന്നും ഉണ്ടാവും. അതതു സമൂഹങ്ങളിൽ അവ പരിഹരിക്കപ്പെട്ടുകൊള്ളും. പ്രാദേശികാടിസ്ഥാനത്തിൽ രൂപപ്പെടുന്ന ഓരോ ചെറു സമൂഹവും പരസ്പരം ബന്ധപ്പെട്ട വിശ്വസമൂഹമായിക്കൊള്ളും.'

*ജി പി രാമചന്ദ്രൻ*
*അകം, പെരിമ്പടാരി തപാൽ, മണ്ണാർക്കാട് 678762, പാലക്കാട് ജില്ലഫോൺ : 9447239544, 9496296340*
gpramachandran@gmail.com



**ലിറ്റിൽ മാസിക**
**വരിക്കാരാവുക**

ലിറ്റിൽ മാസിക ഒരു വർഷത്തേക്ക് തപാലിൽ കിട്ടാൻ 150 രൂപ മണിയോർഡറയക്കുക. വരിസംഖ്യ അവസാനിച്ചവർ ദയവായി പുതുക്കിയും പരമാവധി സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹകരിക്കുക. പണം അക്കൗണ്ടിലേക്കും അയക്കാം. മണിയോർഡറും കത്തുകളും അയക്കേണ്ട വിലാസം: ലിറ്റിൽ മാസിക, ചുങ്കത്തറ പി. ഒ., മലപ്പുറം-679334
**Account No.0857101067932**
**(Biju John), IFC Code: CNR B 0000857:**
**Canara Bank, Edakkara Branch**

# ആനന്ദത്തിന്റെ ഭൂട്ടാൻ വഴികൾ

## ലിറ്റിൽ മാസിക ന്യൂസ് ഡെസ്ക്

ഭൂട്ടാൻ എന്ന ഹിമാലയത്തിന്റെ മടിത്തട്ടിലുള്ള കൊച്ചുരാജ്യത്തു നിന്നും ലോകത്തിനു പഠിക്കാൻ ഇതാ ഒരു പുതിയ പാഠം! കഴിഞ്ഞ നാല് ദശാബ്ദക്കാലമായി ഭൂട്ടാൻ തങ്ങളുടെ പുരോഗതിയെയും വളർച്ചയെയും അളക്കുന്നത് പൗരൻമാരുടെ സമഗ്രമായ ത്തിന്റെ അളവുകോൽ വെച്ചാണ്. അല്ലാതെ ലോകത്ത് മറ്റെല്ലായിടത്തുമെന്നപോലെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ (G D P) അടിസ്ഥാനത്തിലല്ല. മൊത്ത ആഭ്യന്തര ഉല്പാദനം ഒരു രാജ്യത്തിന്റെ ഭൗതിക സമൃദ്ധിയെ അടയാളപ്പെടുത്തുമ്പോൾ അത് പക്ഷേ അവിടുത്തെ ജനങ്ങളുടെ സന്തോഷത്തെയും സംതൃപ്തിയെയും സൂചിപ്പിക്കണമെന്നില്ല. ഭൗതികമായും സാമ്പത്തികമായും ഔന്നത്യം വരിക്കുമ്പോൾ തന്നെ കടുത്ത അസമാധാനവും സുരക്ഷയില്ലായ്മയും അനുഭവിക്കുന്ന വികസിത സമൂഹങ്ങളാണ് ഇന്ന് ഏറെ. എന്നാൽ ഭൂട്ടാൻ എന്ന അവികസിത രാജ്യം തങ്ങളുടെ പൗരൻമാരുടെ മന:സ്സമാധാനത്തിനും സന്തോഷത്തിനുമാണ് പ്രാധാന്യം കൊടുക്കുന്നത്. അതിനാലവർ പുരോഗതിയുടെ അളവുകോലായി Gross National Happiness അഥവാ മൊത്ത ദേശീയ ആനന്ദം എന്ന സവിശേഷമായ ഒരു മാനദണ്ഡത്തിന് രൂപം കൊടുത്തിരിക്കുകയാണ്. 40 വർഷം മുമ്പാണ് ഇത്തരമൊരു ആശയം ഭൂട്ടാൻ സ്വീകരിച്ചത്. ഇപ്പോൾ ഐക്യരാഷ്ട്ര സംഘടന ഈ വികസന മാതൃകയെ മറ്റ് രാജ്യങ്ങൾക്കു മുമ്പിൽ ഉയർത്തിക്കാണിക്കുകയാണ്.

1971 ലാണ് ജി.ഡി.പി യ്ക്കു പകരം ഗ്രോസ് നാഷണൽ ഹാപ്പിനസ് (ജി.എൻ.എച്ച്) എന്ന പുതിയ മാനദണ്ഡം ഭൂട്ടാൻ സ്വീകരിച്ചത്. പരമ്പരാഗത രീതിയിൽ വികസനത്തെയും വളർച്ചയെയും ഭൗതിക സമൃദ്ധിയുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനു പകരം പൗരൻമാരുടെ ആത്മീയവും ഭൗതികവും സാമൂഹികവും പാരിസ്ഥിതികവുമായ സമഗ്ര വളർച്ചയുടെ അടിസ്ഥാനത്തിൽ വളർച്ചയെ മനസ്സിലാക്കാൻ ശ്രമിക്കുന്ന സങ്കേതമാണ് ജി.എൻ.എച്ച്. ഭൗതിക സമൃദ്ധിക്കു പകരം വ്യക്തിയുടെ സന്തോഷത്തിനും സംതൃപ്തിക്കും പ്രാധാന്യം കൊടുക്കുന്ന ഈ സമീപനം മറ്റ് സമൂഹങ്ങളുടെ ഇടയിൽ പലപ്പോഴും പരിഹാസത്തിനു വിധേയമായിട്ടുണ്ട്. സാമ്പത്തിക ശാസ്ത്രജ്ഞൻമാർ ഈ സങ്കേതത്തെ ഉട്ടോപ്യയായി പുച്ഛിച്ചു തള്ളുകയാണ് ഉണ്ടായത്. എന്നാൽ വലിയ സാമ്പത്തിക ശക്തികൾ പോലും ഊതിവീർപ്പിച്ച ബലൂൺ കണക്കെ പൊട്ടി ഇല്ലാതായതും വളർച്ചയുടെയും വികസനത്തിന്റെയും പേരിൽ പരിസ്ഥിതിയും വിഭവങ്ങളും വ്യാപകമായി ചൂഷണം ചെയ്യപ്പെടുകയും പരമ്പരാഗത സമൂഹങ്ങൾ കടുത്ത നിലനിൽപ്പ് ഭീഷണിയെ നേരിടുകയും തൊഴിലില്ലായ്മയും അരക്ഷിതാവസ്ഥയും പെരുകുകയും ചെയ്യുന്ന പുതിയ വർത്തമാന കാലത്ത് ജി.ഡി.പി യ്ക്കു പകരം ജി.എൻ.എച്ച് ഒരു നല്ല മാതൃകയാണ്.

2012 ൽ ദോഹയിൽ വെച്ചു നടന്ന കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച് നടന്ന യു.എൻ സമ്മേളനത്തിൽ സാമ്പത്തികമായും പാരിസ്ഥിതികമായും വികസിത സമൂഹം ആത്മഹത്യാമുനമ്പിന്റെ വക്കത്ത് എത്തിയ സാഹചര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയും ഭൂട്ടാന്റെ സവിശേഷമായ ഈ ബദൽ മാതൃക ചർച്ച ചെയ്യപ്പെടുകയും ചെയ്തു. യു.എൻ ഒരു പ്രത്യേക പാനൽ തന്നെ നിയമിച്ച് ഭൂട്ടാന്റെ ഈ മാതൃക പഠിക്കാനാരംഭിച്ചിരിക്കുകയാണ്. സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ ഭൂട്ടാൻ ലോകത്തിന് മാതൃകയാണ്. കഴിഞ്ഞ 20 വർഷം കൊണ്ട് ആയുർദൈർഘ്യം ഇരട്ടിയായി. മുഴുവൻ കുട്ടികളും പ്രൈമറി സ്കൂളുകളിൽ ചേർക്കപ്പെട്ടിട്ടുണ്ട്. ഭൂട്ടാന്റെ 60 % വരുന്ന വനവിസ്തൃതി നിലനിർത്തുമെന്ന് രാജ്യം പ്രതിജ്ഞ ചെയ്ത് മുന്നോട്ടു പോവുകയാണ്. തടിയുൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് പൂർണ്ണമായും നിർത്തിയിരിക്കുന്നു. മാസത്തിലൊരിക്കൽ കാൽനടക്കാരുടെ ദിനം ആചരിക്കുകയും പ്രസ്തുത ദിവസം സ്വകാര്യവാഹനങ്ങൾ നിരത്തിലിറങ്ങുന്നത് നിരോധിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

ഭൂട്ടാൻ വികസന മാതൃകയുടെ പ്രമുഖ വക്താവായ വിദ്യാഭ്യാസ മന്ത്രി താക്കൂർ സിംഗ് പൗഡിയൽ പറയുന്നു. ഭൂമിയിൽ ഖനനം നടത്തിയും കടലിലെ മത്സ്യങ്ങൾ പിടിച്ചുവിറ്റും ധനികരാവാൻ ഒരു രാജ്യത്തിന് വലിയ പ്രയാസമൊന്നുമില്ല. എന്നാൽ ദീർഘകാല അടിസ്ഥാനത്തിൽ ഒരു ക്ഷേമരാഷ്ട്രം നിലനിർത്താൻ രാജ്യത്തിലെ ജനങ്ങളുടെ നൻമയും അഭിവൃദ്ധിയും പരിരക്ഷിക്കേണ്ടതും സ്വാഭാവിക പരിസ്ഥിതി സംരക്ഷിക്കേണ്ടതും ഏറ്റവും ആവശ്യമാണ്. എന്നാൽ ലോകം ഭൂട്ടാന്റെ ഈ സങ്കൽപത്തെ തെറ്റിദ്ധരിച്ചിരിക്കുന്നതായി പൗഡിയൽ പറയുന്നു. ജനങ്ങളെ എപ്പോഴും സന്തോഷമുള്ളവരാക്കാൻ ഒരു രാഷ്ട്രത്തിനു കഴിയുമോ എന്ന് പലരും ചോദിക്കുന്നു. അദ്ദേഹത്തിന്റെ മറുപടി കൃത്യമാണ്. ജി.എൻ.എച്ച് എന്നത് ഒരു മാർഗ്ഗനിർദേശ തത്വമാണ്. അതിലൂടെ തങ്ങൾ സുസ്ഥിരവും സമത്വസുന്ദരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ ശ്രമിക്കുകയാണ് എന്നും ഈ വഴി അധികം താമസിയാതെ തന്നെ മുഴുവൻ ലോകത്തിനും സ്വീകരിക്കേണ്ടിവരും എന്നും അദ്ദേഹം പറയുന്നു.



*സിവിക് ചന്ദ്രൻ*

*ലിറ്റിൽ മാഗസിനുകൾ അലസമായി, കൃത്യതയില്ലാതെ ഇറങ്ങുന്നതാണ് എന്ന ധാരണ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതു പൊളിക്കുകയാണ് ആദ്യഘട്ടത്തിൽ പാഠഭേദം ചെയ്തത്. 5 വർഷം തുടർച്ചയായി ദ്വൈവാരികയായി ഒരു ലക്കം പോലും മുടങ്ങാതെ ഇറക്കി ലിറ്റിൽ മാഗസിനുകളുടെ അവ്യക്തത പൊളിക്കാൻ പാഠഭേദം ടീം ശ്രമിച്ചു – വിജയിക്കുകയും ചെയിതു.*

## പാഠഭേദം മാസികയുടെ മുന്നണി പ്രവർത്തകനായ സിവിക് ചന്ദ്രനുമായി ലിറ്റിൽ മാസികയുടെ സംഭാഷണം

*തയ്യാറാക്കിയത്*

**അബ്ദുള്ളക്കുട്ടി എടവണ്ണ**
**ബിജു ജോൺ**

*പാഠഭേദത്തെ നിരന്തരം ശ്രദ്ധിക്കുന്നവരാണ് ഞങ്ങൾ. അതിന്റെ അൽപ്പം അക്രമാസക്തമായ ഭാഷ ബോധപുർവ്വം തന്നെയാണോ*

ഇതു ബോധ്യമുണ്ട്. നോൺവയലൻസിന് വേണ്ടി സംസാരിക്കുന്നവർ നോൺവയലന്റായ ഒരു ഭാഷയും ഉണ്ടാക്കേണ്ടതാണ്. പക്ഷേ നമ്മുടെ കാലത്ത് ഏതെങ്കിലുമൊരു കാര്യം ഉറക്കെയല്ലാതെ പറയാൻ പറ്റില്ല. ശ്രദ്ധിക്കപ്പെടില്ല. ചിലപ്പോഴെങ്കിലും നമുക്ക് ഉറക്കെ സംസാരിക്കേണ്ടിവരും. മേശപ്പുറത്ത് അടിച്ച് സംസാരിക്കേണ്ടിവരും. വൈകാരികമായി സംസാരിക്കേണ്ടിവരും. കണക്കു തീർക്കുന്ന ഭാഷയിൽ, എതിരിടുന്ന ഭാഷയിൽ സംസാരിക്കേണ്ടിവരും. പി. എൻ. ദാസിന്റെ വൈദ്യശസ്ത്രം മാസികയുമായി ഒന്നിച്ചുപോവാൻ ഒരു ഒരു ധാരണയുണ്ടായിരുന്നു. പാഠഭേദം കൺണ്ടമ്പറി ആന്റ് അഗ്രസ്സീവ് ആണ്. അതിൽ വയലൻസുണ്ട്. അത് ഒട്ടും ഇല്ലാത്ത ഒന്നാണ് വൈദ്യശസ്ത്രം.

നിത്യചൈതന്യയതിയും ഇ.എം.എസും ഒരുമിച്ച് ഒരേ പായയിലിരുന്ന് വർത്തമാനം പറയുന്ന Idealism ആണ് വൈദ്യശസ്ത്രത്തിന്റേത്. പാഠഭേദം നേരെ മറിച്ച്. അതിൽ അഭിമുഖീകരിക്കുന്നതിന്റെ ശൈലിയും വഴക്കാളിയുടെ സ്വഭാവവും ഉണ്ട്. ആ സമയത്ത് വൈദ്യശസ്ത്രവും പാഠഭേദവും ഒരാൾ അപ്പുറവും ഇപ്പുറവും ഇട്ടു വായിച്ചാൽ ബാലൻസ് ചെയ്യുമെന്നാണ് അന്നത്തെ നമ്മുടെ ഒരു ധാരണ. അങ്ങനെയൊരു കൊടുക്കൽ വാങ്ങലുകൾ ഉണ്ടായിരുന്നു വൈദ്യശസ്ത്രവുമായി.

***ലിറ്റിൽ മാഗസിനുകളെക്കുറിച്ചുള്ള ചില പരാമർശ്ശങ്ങൾ നടത്തിയിരുന്നത് വിമർശ്ശനമുയർത്തിയിരുന്നല്ലോ.***

ഇടക്കാലത്ത് ലിറ്റിൽ മാഗസിനുകൾക്കെതിരെ ഞാനൊരു നിലപാട് സ്വീകരിച്ചു എന്നതായിരുന്നല്ലോ എനിക്കെതിരായ ഒരാരോപണം. യഥാർത്ഥത്തിൽ പട്ടാമ്പിയിൽ നടന്ന ലിറ്റിൽ മാഗസിനുകളുടെ കോൺഫറൻസിൽ ഞാൻ നിങ്ങളുടെ ലിറ്റിൽ മാസികയും മാതൃകാന്വേഷിയുമാണ് ലിറ്റിൽ മാഗസിൻ പാരമ്പര്യത്തിൽ നിലകൊള്ളുന്നവയായി രണ്ടെണ്ണം എടുത്ത് പറഞ്ഞിരുന്നത്.

മലയാളത്തിൽ ലിറ്റിൽ മാഗസിനുകളില്ല. ലിറ്റിൽ മാഗസിനുകൾക്ക് സാധ്യമായ ഒരു സാഹചര്യവുമല്ല കേരളത്തിലുള്ളത്. പട്ടാമ്പിയിൽ പറഞ്ഞത് ആവർത്തിക്കുകയാണ് മാതൃഭുമിയിൽ ഞാൻ ചെയ്തത്. പക്ഷേ ലിറ്റിൽ മാഗസിനുകളുടെ പേര് ഞാൻ എടുത്തുപറഞ്ഞില്ല മാതൃഭൂമിയിൽ എന്നുമാത്രം. പക്ഷേ പട്ടാമ്പിയിൽ പറഞ്ഞ ലിറ്റിൽ മാസികയടക്കമുള്ള രണ്ടു പേരുകൾ മാതൃഭൂമി ലേഖനത്തിൽ പറഞ്ഞില്ല. അത് മാതൃകാന്വേഷിയെ ചൊടിപ്പിക്കുകയും അവർ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന ഒരു കുരങ്ങനായി എന്റെ കാർട്ടൂൺ അവരുടെ കവർ പേജിൽ വരച്ചു.

പാഠഭേദം മുമ്പ് വൈദ്യശസ്ത്രത്തെ പരിഗണിച്ച പോലെയാണ് ഇപ്പോൾ ലിറ്റിൽ മാസികയെ പരിഗണിക്കുന്നത്. കൊച്ചുകാര്യങ്ങൾ ലളിതമായി സ്വാസ്ഥ്യത്തോടെ പറയുന്ന ഒരു പ്രസിദ്ധീകരണം. പാഠഭേദത്തിൽ എന്തെങ്കിലും കൂടുതലുണ്ടെങ്കിൽ, ഉണ്ടെന്ന് തീർച്ചയായിട്ടും ഞങ്ങൾക്കറിയാം. ആ നിലയ്ക്ക് പരസ്പരം Complimentary ആയി പോകാവുന്ന ഒരു പ്രസിദ്ധീകരണമായിട്ടാണ് ലിറ്റിൽ മാസികയെ ഞങ്ങൾ പരിഗണിക്കുന്നത്. ഒരുപക്ഷേ നിങ്ങൾ ഞങ്ങളെ reproduce ചെയ്തതിനേക്കാളും ഞങ്ങൾ നിങ്ങളെ reproduce ചെയ്തിട്ടുണ്ട്.

***പാഠഭേദം 25 വർഷം പിന്നിട്ടല്ലോ. സ്വയം വിലയിരുത്തുന്നതെങ്ങനെയാണ്***

ലിറ്റിൽ മാഗസിനുകൾ അലസമായി, കൃത്യതയില്ലാതെ ഇറങ്ങുന്നതാണ് എന്ന ധാരണ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വരിസംഖ്യ നൽകിയിട്ട് എനിക്ക് കൃത്യമായി കിട്ടിയില്ല എന്നു പറഞ്ഞ് ഒരു വായനക്കാരനും ഒരു ലിറ്റിൽ മാഗസിനും എതിരായി ഇന്നുവരെ കോടതിയിൽ പോയിട്ടില്ല. ചിലപ്പോൾ രണ്ടോ മൂന്നോ ആറോ മാസം കഴിഞ്ഞാലേ അടുത്ത ലക്കം ഇറങ്ങൂ. അത് അങ്ങനെയേ ഇറങ്ങൂ എന്ന് വായനക്കാരൻ അംഗീക

# പാഠഭേദം മാസിക

## മറ്റൊരു പാഠമാവാതെ...



രിച്ച മട്ടുണ്ട്.

അതു പൊളിക്കുകയാണ് ആദ്യഘട്ടത്തിൽ പാഠഭേദം ചെയ്തത്. 5 വർഷം തുടർച്ചയായി ദ്വൈവാരികയായി ഒരു ലക്കം പോലും മുടങ്ങാതെ ഇറക്കി ലിറ്റിൽ മാഗസിനുകളുടെ അവ്യക്തത പൊളിക്കാൻ ഞങ്ങൾ ശ്രമിച്ചു (87 മുതൽ 92 വരെ). അത് കൃത്യതയാക്കി. പലരുടെയും തെറ്റിദ്ധാരണ സാമ്പത്തികപ്രശ്നം മൂലമാണ് ആദ്യഘട്ടത്തിൽ പാഠഭേദം നിർത്തിയത് എന്നാണ്. എന്നാൽ ആ കാലത്ത് ഒരിക്കലും പാഠഭേദത്തിന് സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ടായിട്ടേയില്ല. 20 പേരാണ് അന്നത്തെ ടീമിൽ ഉണ്ടായിരുന്നത്. 20 പേരും ഏതാണ്ട് എല്ലാവരും എന്തെങ്കിലും ജോലി ഉള്ളവർ.കടം കൊണ്ടല്ല പാഠഭേദം അന്ന് നിർത്തിയത്. എഡിറ്റോറിയൽ ക്രൈസിസ് ആയിരുന്നു ഒന്നാമത്തെ പ്രശ്നം. ആ ടീമിൽ നാടകവും കവിതയും മറ്റ് സാഹിത്യരചനകൾ നടത്തിയവർ ഉണ്ടായിരുന്നു. അതൊന്നും ചെയ്യാനാവാതെ അതിക കാലം അവർക്ക് നിലനിൽക്കാൻ കഴിയുമായിരുന്നില്ല.പത്രപ്രവർത്തനം ഒരു യക്ഷി കലയാണ്. അത് വല്ലാതെ നമ്മളിൽ നിന്ന് ഡിമാന്റ് ചെയ്യും. നാല് പേജുള്ള മാസിക നടത്തുകയാണെങ്കിൽപ്പോലും നമ്മുടെ വായന മുഴുവനും അതിൻമേലായിരിക്കും. ചിന്തകൾ, ആലോചനകൾ... മുഴുവൻ ശ്രദ്ധയും മാറ്ററിനു വേണ്ടിയുള്ള ചിന്തകൾ ആയിരിക്കും എഡിറ്റോറിയൽ ടീമിനുണ്ടാകുക. അതൊരു യക്ഷികലയോ യക്ഷകലയോ ആണ്. ഭയങ്കരമായി നമ്മെ ചോർത്തിക്കളയും. സ്വതന്ത്രമായി ആവിഷ്ക്കാരങ്ങൾ നടത്താൻ പറ്റാത്ത അവസ്ഥ. അതൊരു കാരണമായിരുന്നു.

രണ്ടാമത്തെ കാര്യം വായനക്കാരായിരുന്നു. വായനക്കാർ പാഠഭേദം 15 ദിവസം കൂടുമ്പോൾ പുതിയ നിലപാടുമായി റാഡിക്കലായി നമ്മെ Uptodate ചെയ്യാൻ വരും എന്നു കരുതി. അതുകൊണ്ട് വായനക്കാരനെ Uptodate ആക്കേണ്ട ഉത്തരവാദിത്തം പാഠഭേദത്തിനുണ്ട് എന്ന് വായനക്കാരൻ വിശ്വസിച്ചു. അതൊരു വല്ലാത്ത ഉത്തരവാദിത്തം ചുമലിലേൽപ്പിക്കലാണ്. നമ്മുടെ കാലത്ത് ഓരോരുത്തരും പൊരിവെയിലത്ത് നിന്ന് വെയിലു കൊണ്ടാലേ ചില ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ കണ്ടെത്താനും കഴിയൂ. അതിനുള്ള ഒരു എക്സ്ക്യൂസ് ആയി മാറരുത് പാഠഭേദം എന്ന് ഞങ്ങൾ വിചാരിച്ചു.

മൂന്നാമത്തെ കാര്യം. ഈ വിഷയങ്ങളെല്ലാം മെയിൻ സ്ട്രീം ഏറ്റെടുത്തു. പിന്നെ ഇതുപോലുള്ള പ്രസിദ്ധീകരണം ആവശ്യമില്ല. ഈ മൂന്ന് കാരണങ്ങൾ കൊണ്ടാണ് ആദ്യ പാഠഭേദം നിർത്തിയത്. സാമ്പത്തിക കാരണമേയല്ല.

***ശക്തമായ ഒരു എഡിറ്റോറിയൽ ടീം എല്ലാക്കാലത്തും പാഠഭേദത്തിന്റെ മുതൽക്കൂട്ടായിരുന്നല്ലോ.***

പാഠഭേദത്തിലെ ഏറ്റവും വലിയ മികവ് എന്നേക്കാൾ മികച്ച ഇൻലക്ച്വൽ ആയ, ക്രിയേറ്റീവ് ആയ സുഹൃത്തുക്കളെ കിട്ടി എന്നതാണ്, സുഹൃദ്സംഘം ഉണ്ടായി എന്നതാണ്. അന്നത്തെയും ഇന്നത്തെയും മികവ് അതു തന്നെയാണ്.കേരളത്തിൽ അന്ന് കിട്ടാവുന്ന മികച്ച ടീമാണ് പാഠഭേദത്തിന് കിട്ടിയത്.

വടക്കേടത്ത് പത്മനാഭൻ, വി. ജി തമ്പി, ടോമി മാത്യു, എ. മോഹൻകുമാർ, പി. നാരായണമേനോൻ... ഞാനുമൊക്കെയടങ്ങുന്ന ഒരു സംഘമാണ് അന്നത്തെ ടീം. ഓരോരുത്തർക്കും അവരുടേതായ ക്വാളിറ്റികൾ ഉണ്ടായിരുന്നു. ഉദാഹരണത്തിന് ഒരു ലിറ്റിൽ മാഗസിനും നാരായണമേനോനെ പോലെയുള്ള ഒരു മാനേജിംഗ് എഡിറ്ററെ കിട്ടിയിട്ടുണ്ടാവില്ല. കാരണം കാശിനെ കുറിച്ച് ആരും വേവലാതിപ്പെടേണ്ടതില്ല. കൃത്യമായും അദ്ദേഹം കാശുണ്ടാക്കും. തന്റെ ശിഷ്യൻമാരെ പിടിച്ചോ, വായനക്കാരിൽ നിന്നോ. കാശിന്റെ കാര്യം ഒരിക്കലും ഞങ്ങൾ ചർച്ച ചെയ്തിട്ടില്ല. കൃത്യസമയത്ത് പാഠഭേദമിറക്കുക എന്ന ചലഞ്ച് നിങ്ങൾ ഏറ്റെടുത്താൽ മതി, ബാക്കി ഞാനേറ്റു എന്ന രീതി.

***എങ്ങനെയായിരുന്നു പ്രവർത്തനം..***

മാറ്റർ ഒരുക്കുക, ക്വാളിറ്റി നിലനിർത്തുക... ഇങ്ങനെ കൃത്യമായ ഒരു തൊഴിൽ വിഭജനമുണ്ടായിരുന്നു അന്നത്തെ പാഠഭേദത്തിന്റെ തൃശ്ശൂർ കാലത്ത്. കൃത്യമായി എഡിറ്റോറിയൽ ടീം കൂടും. വിഷയങ്ങൾ ചർച്ച ചെയ്യും.

ഒരു ലക്കത്തിൽ ഏതെല്ലാം ലേഖനങ്ങൾ വേണമെന്ന് ഞങ്ങൾ മുൻകൂട്ടി തീരുമാനിക്കുമായിരുന്നു. എന്നിട്ട് പ്രാഥമികമായി വേണ്ട പോയിന്റ്സ് ഞങ്ങൾ കൂട്ടായി ചർച്ച ചെയ്യും. ആരെഴുതണമെന്ന് പിന്നീട് തീരുമാനിക്കും. ഒരാൾ എഴുതുന്നത് വേറൊരാൾക്കും എഴുതാം. എഴുതുന്ന ആളുടെ ഒരു ശൈലി അതിൽ വരും. അത്ര വ്യത്യാസമേ വരൂ. അങ്ങനെയായിരുന്നു ഞങ്ങളുടെ ലേഖനങ്ങളുടെ പൊതുസ്വഭാവം. ആ സമയത്താണ് സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം നടക്കുന്നത്. മലയാളിയെ സമ്പൂർണ്ണമായി നിരക്ഷരനാക്കുകയാണ് വേണ്ടത് എന്ന നിലയ്ക്ക് ലേഖനം വേണമെന്ന് തീരുമാനിക്കപ്പെട്ടു. ഞാൻ തന്നെ എഴുതാം എന്ന് സമ്മതിക്കുകയും ചെയ്തു.

ശ്രദ്ധിക്കപ്പെട്ട ചില ലേഖനങ്ങൾ കമ്പോസ് ചെയ്യുന്ന സമയത്ത് എഴുതിയതാണ്. എഴുതിയ അത്രയും കമ്പോസ് (അച്ചു നിരത്തൽ) ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ ബാക്കി എഴുതുന്നു. ഇങ്ങനെ അതിസൂക്ഷ്മമായി വായിക്കാതെ ഗൗരവമായി എഡിറ്റ് ചെയ്യാതെയും ധൃതിയിൽ ചൂടോടെ എഴുതിയ പല ലേഖനങ്ങളും അക്കാലത്ത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

കേരളവർമ്മ കോളേജിലെ കുട്ടികളായിരുന്നു സ്റ്റാമ്പും

*...അടുത്ത പേജിൽ*

റാപ്പറുമൊക്കെ ഒട്ടിക്കാനും മറ്റും സഹായിച്ചിരുന്നത്.തമ്പിയുടെയും നാരായണമേനോന്റെയുമൊക്കെ ശിഷ്യൻമാർ. ഇതേ സമയത്ത് പ്രസ്സിൽ നിന്ന് പാഠഭേദത്തിന്റെ കോപ്പികളെടുത്ത് തൃശ്ശൂർ നഗരത്തിൽ വിളിച്ചുപറഞ്ഞ് വിൽപ്പന നടത്താൻ ശ്രീധരൻ തേറമ്പിൽ പോലെയുള്ള ആക്ടിവിസ്റ്റുകൾ റെഡിയാകും. പോസ്റ്റേജ് ചിലവിനുള്ള കാശ് ഇങ്ങനെയുണ്ടാക്കി കൊണ്ടുവരും. 200 കോപ്പികളെങ്കിലും ഇങ്ങനെ വിൽക്കും. ഒരിക്കലുമൊരു ഭാരം അന്ന് തോന്നിയിട്ടേയില്ല.

ലിറ്റിൽ മാഗസിനുകളുടെ ചരിത്രത്തിൽ വ്യവസ്ഥ കൊണ്ടുവന്നത് പാഠഭേദമാണ്.അന്നത്തെ ടീമിൽ ഓരോരുത്തർക്കും സ്പെഷ്യലൈസ് ചെയ്ത വിഷയങ്ങൾ ഉണ്ടായിരുന്നു.ആണവോർജ്ജവുമായി ബന്ധപ്പെട്ടത് ടോമി, രാഷ്ട്രീയം ഞാൻ, സാഹിത്യവുമായി ബന്ധപ്പെട്ടത് വി.ജി. തമ്പി, തത്വശാസ്ത്രം വടക്കേടത്ത് പത്മനാഭൻ... ഇങ്ങനെയൊരു തൊഴിൽ വിഭജനമുണ്ടായിരുന്നു. അന്ന് ഇന്നത്തെ പോലുള്ള സംവിധാനങ്ങൾ കുറവ്. ഇന്ന് സേർച്ച് ചെയ്യാനുള്ള സംവിധാനങ്ങൾ ഉണ്ട്. അന്ന് ഒരു വിഷയത്തെ കുറിച്ച് വിവരങ്ങൾ കിട്ടാൻ കൂടുതൽ ആശ്രയിച്ചിരുന്നത് മലയാളികൾ അധികമൊന്നും വായിച്ചിട്ടില്ലാത്ത ചില പ്രസിദ്ധീകരണങ്ങൾ, മലേഷ്യ കേന്ദ്രീകരിച്ചുകൊണ്ടുള്ള തേഡ് വേൾഡ് നെറ്റ്‌വർക്ക്.... സൺഡേ ഒബ്സെർവർ കെ.പി. ശശിയെ പോലുള്ള മറ്റ് സംസ്ഥാനത്ത് അന്നുണ്ടായിരുന്ന സുഹൃത്തുക്കൾ. നിയോഗിയെ പരിചയപ്പെടുത്തുന്നത് അന്ന് ശശിയാണ്. അന്ന് പ്രധാനമായും നമ്മൾ ചെയ്തത് ലോകത്തുള്ള പോസ്റ്റ് മാർക്സിസ്റ്റ് അന്വേഷണങ്ങളോട് മലയാളി വായനക്കാരെ Contemporaryയാക്കുക എന്നതായിരുന്നു. മറ്റെങ്ങും മലയാളികൾക്ക് വായിക്കാൻ കിട്ടാത്ത വാർത്തകൾ അന്ന് പാഠഭേദത്തിൽ വന്നു. കൃത്യമായി പല വാർത്തകളെയും follow up ചെയ്യുകയും ചെയ്തിരുന്നു.

ഇങ്ങനെയൊക്കെയുള്ള കാലത്ത് പാഠഭേദം നിർത്തേണ്ട കാര്യമില്ലല്ലോ. അപ്പോൾ പിന്നെ നിർത്തിയത് സാമ്പത്തികകാരണങ്ങൾ കൊണ്ടായിരിക്കും എന്ന് മിക്കവരും കരുതി. മുമ്പത്തെ 3 കാരണങ്ങൾ തന്നെയാണിതിന് കാരണം. പാഠഭേദം പറഞ്ഞുകൊണ്ടിരുന്ന പലരും മെയിൻസ്ട്രീമിൽ വന്നു എന്നു മാത്രമല്ല. പാഠഭേദവുമായി ബന്ധപ്പെട്ട ഒരു ഡസൻ പേരെങ്കിലും മാധ്യമമടക്കമുള്ള പ്രസിദ്ധീകരണങ്ങളിൽ ഉണ്ടായി എന്നാണ്. മാധ്യമം ടീമിൽ പലരും പാഠഭേദവുമായി മുമ്പ് ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട് പ്രവർത്തിച്ചവർ ആയിരുന്നു. പാഠഭേദം പറയുന്ന വിഷയങ്ങൾക്ക് സ്വീകാര്യത കിട്ടി എന്നുമാത്രമല്ല ഞങ്ങളെല്ലാം മാധ്യമം പോലുള്ള പ്രസിദ്ധീകരണത്തിൽ എഴുതാൻ ക്ഷണിക്കപ്പെട്ടു. എഡിറ്ററായി പോലും അന്ന് ക്ഷണിച്ചിരുന്നു.പുതിയ വിഷയങ്ങളുടെ അതോറിറ്റി ഞങ്ങളാണ് എന്ന നിലയുണ്ടായി.

ഈ സന്ദർഭത്തിലാണ് പാഠഭേദം പിൻമാറുന്നത്. മാത്രമല്ല പിൻമാറൽ പോലും ഒരാഘോഷമാക്കി മാറ്റുകയും ചെയ്തു. ഒരു വർഷം മുമ്പേ വരിസംഖ്യ സ്വീകരിക്കൽ നിർത്തി. കൗണ്ട് ഡൗൺ തുടങ്ങി. പിന്നെ വരിക്കാരില്ല. വരിസംഖ്യ തന്നവർക്കെല്ലാം പാഠഭേദം കൊടുത്തതിനുശേഷമാണ് നിർത്തിയത്. വിടവാങ്ങൽ പതിപ്പ് പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന്. ക്ലോസ് അൽവാരിസ് പങ്കെടുത്തു. അധിനിവേശത്തിന്റെ 500 വർഷങ്ങൾ എന്ന പ്രഭാഷണത്തോടെ. അങ്ങനെയാണ് അത് നിർത്തിയത്.

മെയിൻസ്ട്രീം മാസികയുടെ കുഴപ്പങ്ങളില്ലാത്ത, എന്നാൽ മെയിൻസ്ട്രീം അല്ലാത്ത ലിറ്റിൽ മാഗസിനുകളുടെ അവശതകളില്ലാത്ത ഒരു പ്രസിദ്ധീകരണത്തെ മുഖ്യധാരയിൽ ഇടപെടുവിക്കാനുള്ള ശ്രമമായിരുന്നു.

*അടുത്തലക്കത്തിൽ തുടരും*

# കുഴിയാന

**ഫാ.എ.മഞ്ചിൽ എസ്.ജെ.**

*പഴയകാല വായനയ്ക്കിടയിൽ ശ്രദ്ധിക്കപ്പെട്ട ചിലത് പിന്നീടുള്ള പുനർവായനയിൽ ഉപയോഗപ്രദമാണ്. രസകരമായ ഒരു ലോകം ചുറ്റിലും രൂപപ്പെടുന്നത് സൂക്ഷ്മമായി നിരീക്ഷിച്ച് തയ്യാറാക്കിയ ഈ കുറിപ്പ് 1987 ൽ മാതൃഭൂമി ആഗസ്റ്റ് 9/15 ലക്കത്തിൽ പ്രസിദ്ധീകരിച്ചതാണ്. ഇതെഴുതിയ ഫാദർ എ. മഞ്ചിൽ. എസ്.ജെ ഇപ്പോൾ ജീവിച്ചിരുപ്പില്ല. ചുറ്റുപാടുകൾ പ്രത്യേകിച്ച് സൂക്ഷ്മ ജീവികളെ അതീവ സൂക്ഷ്മതയോടെ നിരീക്ഷിക്കുന്ന ഒരാളാണ് എന്ന് വ്യക്തമാക്കുന്നു്. ഈർക്കിലും നൂൽച്ചരടും മാത്രം ഉപയോഗിച്ച് തവളയുടെ ശ്വാസോച്ഛ്വാസത്തിന്റെ രീതിയെ പറ്റി പഠിച്ച് ഡോക്ടറേറ്റ് സമ്പാദിച്ച തിരുനെൽവേലിയിൽ മൃഗശാസ്ത്ര അധ്യാപകനായിരുന്ന ഡോ: ജ്ഞാനമുത്തുവും, നായയുടെ തൊയിൽ ലളിതമായ ഉപകരണങ്ങൾ ഗവേഷണം നടത്തി അവാർഡ് സമ്പാദിച്ച മദിരാശിയിലെ ഡോ:പാസിഫിക്കാ തുടങ്ങിയവരാണ് തന്റെ പ്രചോദനമെന്ന് എഴുത്തുകാരൻ സൂചിപ്പിക്കുന്നു. ഈ ലേഖനം ശേഖരിച്ചുവെച്ചത് അയച്ചുതന്നത് എറണാകുളത്തുള്ള ശ്രീനി വാസുദേവാണ്*

മൂന്നുമാസം മുമ്പ് കാഞ്ഞങ്ങാട്ട് നിന്ന് 23 കി.മീ അകലെയുള്ള വിമലാ എസ്റ്റേറ്റിൽ കുരുമുളകും അടയ്ക്കയും ഉണക്കുന്ന ഒരു കളത്തിന്റെ താഴെയുള്ള പന്തലിന്റെ അടിയിൽ ഭംഗിയുള്ള അനേകം കുഴികൾ കണ്ടും - കുഴിയാനക്കുഴികൾ! ഞാൻ സ്കൂൾ കുട്ടികളുടെ സഹായത്തോടുകൂടി പത്ത് കുഴിയാനകളെപ്പിടിച്ച് ഒരു സിഗററ്റ് പെട്ടിയിലാക്കി കോഴിക്കോട്ടേക്ക് കൊണ്ടുവന്നു. വഴിയിൽ എട്ടെണ്ണം എവിടെയോ വീണുപോയി. രണ്ടെണ്ണത്തിനെ ഒരു കാർഡ് ബോർഡ് പെട്ടിയിൽ പൊടിമണ്ണ് നിറച്ച് താമസിപ്പിച്ചു. അവ പുറകോട്ട് നടന്ന് മണ്ണിലേക്കിറങ്ങി. പിന്നെ മലാപ്പറമ്പിൽ നിന്ന് രണ്ട് കുഴിയാനകളെയും നീലേശ്വരത്തു നിന്ന് നാല് കുഴിയാനകളെയും കോഴിക്കോട്ടേക്ക് കൊണ്ടുവന്നു താമസിപ്പിച്ചു. നിരീക്ഷണം തുടങ്ങി.

കുഴിക്കകത്തു നിന്ന് കുഴിയാനയെ പുറത്തെടുക്കുക എളുപ്പമല്ല. അത് കുഴിയുടെ ഏതു വശത്താണ് ഒളിച്ചിരിക്കുന്നതെന്ന് നമുക്കറിയുകയില്ലല്ലോ. ഒരുറു

*എത്രവട്ടം കുഴി മൂടിയാലും കുഴിയാന ക്ഷമയോടുകൂടി വീണ്ടും വീണ്ടും കുഴിയുണ്ടാക്കും. സാധാരണ കുഴിനിർമ്മാണം രാത്രിയാണെങ്കിലും നാലഞ്ചുതവണ പകൽ തന്നെ ഒരു മണിക്കൂറിന്നകം അത് കുഴിയുണ്ടാക്കും*

മ്പിനെ പിടിച്ച് കുഴിയിലിട്ടാൽ കുഴിയാന തലയും കഴുത്തും കൊണ്ട് മണ്ണ് തെറിപ്പിക്കാൻ തുടങ്ങും. അപ്പോൾ ഒരു സ്പൂൺ കൊണ്ട് കോരിയെടുത്താൽ അതിനെ എളുപ്പത്തിൽ പിടിക്കാം.

കുഴിയാനയുടെ ശരീരം ത്രികോണാകൃതിയിൽ നീണ്ടുരുണ്ടതാണ്. തല ചതുരാകൃതിയിലും കഴുത്ത് കുറുകിയതും ബലമുള്ളതുമാണ്. തലയിൽ രണ്ട് കണ്ണും, നീണ്ടു ഉള്ളിലേക്ക് വളഞ്ഞിരിക്കുന്ന രണ്ട് കൊമ്പുമുണ്ട്. കൊമ്പ് പൊള്ളയാണ്. അവയുടെ ഉൾവശത്ത് മുള്ളുണ്ട്. ഈ കൊമ്പുകൾ രണ്ടും കൊണ്ടാണ് കുഴിയാന ഉറുമ്പുകളെയും മറ്റു ചെറു പ്രാണികളെയും ഇറുക്കിപ്പിടിച്ചു മണ്ണിനകത്തേക്ക് കൊണ്ടുപോകുന്നതും, അവയുടെ രക്തം വലിച്ചുകുടിക്കുന്നതും. ശരീരം പത്തു പന്ത്രണ്ട് ഖണ്ഡങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ ഖണ്ഡത്തിലും കറുപ്പും വെളുപ്പും പുള്ളികളുണ്ട്. ഓരോ ഖണ്ഡത്തിന്റെയും അരികിൽ കുറ്റിരോമങ്ങളും ശരീരത്തിന്റെ അടിഭാഗത്ത് മൂന്നു ജോടി കാലുകളുമുണ്ട്. കുഴിയാനയുടെ മുതുക് പൊങ്ങിയിരിക്കുന്നതുകൊണ്ട് അത് ഒരു കുഞ്ഞാനയാണെന്ന് തോന്നും. ശരീരത്തിന് നാലോ അഞ്ചോ മില്ലീമീറ്റർ കൂടുതൽ നീളമില്ല. നടപ്പു അധികവും പുറകോട്ടാണ്. അതിന് സാമാന്യം വേഗത്തിൽ നടക്കുവാൻ കഴിയും. ആരെങ്കിലും തൊട്ടാൽ ചുരുണ്ടുകൂടി നിശ്ചലമായി കിടക്കും.

കുഴിയാന കുഴിയുണ്ടാക്കുന്നത് കണ്ടുപിടിക്കാൻ അനേകം ആഴ്ചകൾ പിടിച്ചു. കുഴിയെല്ലാം നിരത്തിയിട്ടാൽ രാത്രി അത് മനോഹരമായ കുഴിയുണ്ടാക്കും. ഒരു രാത്രി ഞാൻ നോക്കിയിരിക്കുമ്പോൾ ഒരു കുഴിയാന പുറകോട്ട് നടന്ന് തലയും കഴുത്തും ഉപയോഗിച്ച് മണ്ണ് വാരി വലത്തോട്ട് എറിയുന്നത് കണ്ടു. ഞാൻ കൗതുകത്തോടെ നോക്കിയിരിക്കെ അത് ചെറിയ കല്ലുകൾ തലകൊണ്ട് കുഴിക്ക് പുറത്തോട്ട് എറിയുന്നതും സാമാന്യം വലിയ കല്ലുകൾ മുതുകത്ത് താങ്ങിപ്പിടിച്ച് കുഴിയുടെ പുറത്ത് കൊണ്ടുപോയി അകത്തേക്ക് വീഴാത്ത ദൂരത്തിൽ നിക്ഷേപിക്കുന്നതും കണ്ടു. തുടർച്ചയായി ത്വരിതഗതിയിൽ മണ്ണുവാരി എറിഞ്ഞ ശേഷം കുഴിയാന കുറച്ചു വിശ്രമിക്കും. വീണ്ടും പണി തുടങ്ങും. ആദ്യം വൃത്താകൃതിയിലോ ററ ആകൃതിയിലോ ഗ ആകൃതിയിലോ നിരപ്പായ മണ്ണിൽ ചാലുകൾ കോരും. പിന്നെ ചാലുകൾ കൂട്ടിയോജിപ്പിച്ച് വൃത്താകൃതിയിലുള്ള കുഴിയുണ്ടാക്കും. അതിന്റെ അടിഭാഗം കൂർത്തിരിക്കും. മിനുസമുള്ള പൊടിമണ്ണ് കുഴിയുടെ വശങ്ങളിലെല്ലാം വിതറിയിരിക്കും. ഉറുമ്പോ മറ്റു ചെറുപ്രാണികളോ കുഴിയുടെ വക്കത്ത് വന്നാൽ പെരണ്ട് ഉള്ളിലേക്ക് വീഴും. ഉടനെ കുഴിയാന മണ്ണ് തെറിപ്പിച്ച് പ്രാണിക്ക് മേലോട്ട് പോകുവാൻ സാധിക്കാതെയാക്കും.

എത്രവട്ടം കുഴി മൂടിയാലും കുഴിയാന ക്ഷമയോടുകൂടി വീണ്ടും വീണ്ടും കുഴിയുണ്ടാക്കും. സാധാരണ കുഴിനിർമ്മാണം രാത്രിയാണെങ്കിലും നാലഞ്ചുതവണ പകൽ തന്നെ ഒരു മണിക്കൂറിന്നകം അത് കുഴിയുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

കുഴിയുടെ പണി കഴിഞ്ഞാൽ കുഴിയാന കൊമ്പുള്ള തലയും കഴുത്തും പുറത്തേക്കിട്ട് കാത്തിരിക്കും. തലയ്ക്കും കഴുത്തിനും മണ്ണിന്റെ നിറമായതുകൊണ്ട് പെട്ടെന്ന് ആർക്കും കണ്ടുപിടിക്കാൻ സാധിക്കില്ല. ലെൻസ് വെച്ച് നോക്കിയാൽ തലയും കഴുത്തും കണ്ണും വ്യക്തമായി കാണാം. വല്ല ചെറുപ്രാണിയും കുഴിയിലേക്ക് വീണാൽ അത് അവിടെ നിന്ന് പെടച്ചുകയറുവാൻ ശ്രമിക്കും. ഉണങ്ങിയ പൂഴിയായതുകൊണ്ട് അത് കാലുറയ്ക്കാതെ വിഷമിക്കുമ്പോൾ കുഴിയാന താഴെ നിന്ന് തെരുതെരെ പൊടിമണൽ വാരിയെറിഞ്ഞു അതിനെ വീഴ്ത്തും. വേഗം കൊമ്പുകൊണ്ട് ഇറുക്കിപ്പിടിച്ച് മണ്ണിന്നടിയിലേക്ക് വലിക്കും. മുള്ള് പ്രാണിയുടെ ദേഹം കുത്തിപ്പിടിച്ച് ചുണ്ടുകൊണ്ടു കൊമ്പിലൂടെ അതിന്റെ രക്തമെല്ലാം വലിച്ചുകുടിക്കും. കുഴിയാന വെള്ളം കുടിക്കുന്നത് ഞാൻ കണ്ടിട്ടില്ല. വെള്ളം വീണാൽ മണ്ണ് ഉരുണ്ടുകൂടി അതിന്റെ ആകൃതി നശിച്ചുപോകുമല്ലോ.

ഒന്നുരണ്ടു മാസം ഞാൻ കുഴിയാനയ്ക്ക് ഉറുമ്പിനെ ഇട്ടുകൊടുത്തു. വലിയ ഉറുമ്പുകളുടെ രക്തമില്ലാത്ത ജഡം കുഴിക്ക് പുറത്ത് കണ്ടിരുന്നു. പിന്നൊരു ദിവസം ഉറുമ്പിനെ ഇട്ടുകൊടുത്തപ്പോൾ കുഴിയിൽ അനക്കം കണ്ടില്ല. കുഴിയാന ചത്തുപോയെന്ന് വിചാരിച്ച് കുഴിയിലെ മണ്ണെല്ലാം ഒരു പലകയിൽ നിരത്തിയിട്ട് ഈർക്കിൽ കൊണ്ട് തോണ്ടിനോക്കിയപ്പോൾ ഏതാണ്ട് ഒരു സെന്റീമീറ്റർ വ്യാസമുള്ള ഒരു മണ്ണുഗുളിക കണ്ടുകിട്ടി. അപ്പോഴാണ് അത് അതിന്റെ സമാധി(പ്യൂപ്പ)യിലാണെന്ന് മനസ്സിലായത്. കുഴിയാന വാസ്തവത്തിൽ ഒരു പുഴു(Catter piller) ആണ്. രണ്ടുമൂന്ന് പ്രാവശ്യം തൊലി പൊഴിച്ചുകളഞ്ഞതിനു ശേഷം അത് സമാധിയിൽ പ്രവേശിക്കുന്നു. പൊടിമണലും സ്വന്തം ശരീരത്തിൽ നിന്നും ശ്രവിക്കുന്ന ഒരുതരം പശയും ഉപയോഗിച്ച് അത് ഒരു മൺഗുളികയുണ്ടാക്കുന്നു. ഞാനിത്തരം രണ്ട് ഗുളികകൾ ഒരു കുപ്പിയിലാക്കി ദ്വാരങ്ങളുള്ള അടപ്പു കൊണ്ട് മൂടിവെച്ചു.


ഒരാഴ്ച കഴിഞ്ഞപ്പോൾ ഒന്നരയിഞ്ച് നീളമുള്ള ഒരു തുമ്പി കുപ്പിയിൽ പറന്നുനടക്കുന്നത് കണ്ട്. അതിന് നേർത്ത നാല് ചിറകും. ഗദയുടെ ആകൃതിയിലുള്ള രണ്ട് സ്പർശിനികളും തലയുടെ അറ്റത്തായി രണ്ട് ഉരുണ്ട കണ്ണുമുണ്ട്. ശരീരം നീണ്ടുരുണ്ടതും നേർത്തതുമാണ്. ഞാൻ കുറച്ച് പൊടിമണൽ കുപ്പിയിലിട്ട് തുമ്പിയെ അടച്ചുവെച്ചു.

അടുത്ത ദിവസം നോക്കിയപ്പോൾ തുമ്പി ചത്തുപോയിരിക്കുന്നു. എന്നാൽ അതിന്റെ ഒരു ചിറകിന്റെ അഗ്രത്തിൽ രണ്ടുമൂന്ന് മില്ലീമീറ്റർ നീളത്തിൽ ഒരു വെളുത്തുരുണ്ട സാധനം ഒട്ടിപ്പിടിച്ചിരിക്കുന്നതായി കണ്ടു. അത് കുഴിയാനയുടെ മുട്ടയാണെന്ന് മനസ്സിലായി. അത് വിരിഞ്ഞ് കുഴിയാനക്കുഞ്ഞ് പുറത്തുവരുന്നതും പ്രതീക്ഷിച്ചു ഞാനിരുന്നു.

# നടത്തം


ചിത്രവും എഴുത്തും

**എം.പി. പ്രതീഷ്**




അങ്ങനെയൊരു ജീവിതം അവിടെ ഉള്ളതായി തോന്നിയതേയില്ല. മനുഷ്യരാരും ചെല്ലാത്ത ഒരിടമായിരുന്നു. അരിച്ചെത്തുന്ന പ്രകാശവും നേർത്ത കാറ്റും മാത്രം. ഇരുണ്ട പച്ചിലകളിലൊന്നിലത് ധ്യാനിച്ചു. ക്യാമറ മറ്റെന്തോ തിരയവേ വെറുതെ തിരിഞ്ഞപ്പോഴാണ് കണ്ടത്. ഉടലാകെ പച്ചയുള്ള ഒരു ചെറുപ്രാണി. പച്ചപ്പയ്യ്, ഇലകളുടെ നിറത്തിൽ നിന്നും അതിന്റെ നിറത്തെ വേർതിരിക്കുക ഏറെ പ്രയാസം. ക്യാമറ കാണുന്നതിലുമധികം സൂക്ഷ്മമാണ് അതിന്റെ ശരീരലിപികൾ. ഭാഷകൾ, എന്റെ ശ്വാസം തട്ടിയാലതു ധ്യാനം മുറിച്ച് ഓടിമറയും. അതവിടെയിരിക്കട്ടെ. ലോകത്തിന്റെ നിശ്ശബ്ദതയ്ക്കു വേണ്ടി. ഞാൻ തിരിച്ചുനടന്നു.





ഓരോ ദിവസവും ഭൂമിയിൽ നിന്നും അപ്രത്യക്ഷമാവുന്ന അനേകം ജീവികളുണ്ട്. സസ്യങ്ങളുണ്ട്. ഭാഷകളുണ്ട്. നടക്കുമ്പോൾ വയൽവരമ്പിലുണ്ടാവാറുള്ള എത്രയോ ചെറുചെടികൾ ഇപ്പോൾ നമ്മുടെ ജീവിതത്തിൽ നിന്നും മാഞ്ഞുപോയിരിക്കുന്നു. വയൽ വരമ്പു തന്നെ അദൃശ്യമായിരിക്കുന്നു. ഞാൻ നോക്കുമ്പോൾ ഓരോ ചെടിയിലും വന്നിരിക്കുന്ന, രുചിക്കുന്ന, പാർക്കുന്ന, ഒട്ടനേകം ചെറുപ്രാണികളുണ്ട്. ഒരിലയുടെ മരണമെന്നത് ഒരു തിര്യക്കിന്റെ കൂടി മരണമാണ്. അവ തമ്മിൽ കൈമാറുന്ന ജൈവഭാഷ എന്നാണ് നമുക്ക് മനസ്സിലാവുക..



ശലഭങ്ങളിൽ മിഴി കൊരുക്കുക അത്ര ലളിതമല്ല. ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് ചടുലമായി തെന്നിപ്പറക്കും അവ. മനുഷ്യരോട് ഒട്ടും അടുപ്പമില്ലാത്തവയാണ്. നമ്മുടെ കണ്ണുകളെ നിമിഷമാത്രയാൽ അനാഥമാക്കും. ജയശീലന്റെ ഒരു കവിതയോർമ്മിക്കുന്നു.

ഒറ്റപ്പൂമേലും/ ശരിക്കുമിരിക്കില്ല/
മറ്റേപ്പൂവിന്റെ/വിചാരം മൂലം.

ഏറെ നേരം ഞാനവിടെത്തന്നെ ക്യാമറയുമായി കാത്തുനിന്നു. ശലഭം എനിക്കു ചുറ്റും തെന്നിയുയർന്നുകൊണ്ടിരുന്നു. വെളിച്ചം മങ്ങുകയാണ്. പെട്ടെന്ന് അത് പാറിവന്നെന്റെ ചുമലിൽ അൽപനേരമിരുന്നു. പിന്നെയത് പറന്നുമറഞ്ഞു. ആരെടുക്കുമതിന്റെ ചിത്രം. ആയിരിപ്പിന്റെ ഓർമ്മ ഈ ചിത്രത്തിലില്ല. എനിക്കുള്ളിലാണ്.

മനുഷ്യരുടേതു പോലെയല്ല ഭൂമിയുടെ പാർപ്പിടങ്ങൾ. താൽക്കാലികമാണ് അതിന്റെ ജീവിതം. ഒരില കൊണ്ടോ, നൂലുകൾ കൊണ്ടോ മെടഞ്ഞും തുന്നിയും അതുണ്ടാകുന്നു. ചിലപ്പോൾ ചെറുപൊത്തുകൾ. മാളങ്ങൾ. ഓരോ ഋതുവിലും പ്രാണികൾക്ക് ഓരോ വീടുണ്ടാവും. ഒരു കാറ്റിലോ പെരുമഴയിലോ തകർന്നുപോവും വിധം ലളിതവും നേർത്തതുമാണ് അവയുടെ വാസ്തുവിദ്യ. ഒരു കടന്നൽക്കൂടൊരുക്കുന്നതു ശ്രദ്ധിച്ചിട്ടുണ്ടോ. മണ്ണു കുഴച്ച് ശില്പമാക്കിത്തീർക്കുന്ന നിമിഷങ്ങളാണതിന്റേത്. ഒരു ഋതുചക്രം പൂർത്തിയാവുമ്പോൾ വീട് മണ്ണിലേക്ക് അഴിഞ്ഞും അലിഞ്ഞും പോവും. നമ്മുടെ വീടുകൾ എപ്പോഴാവും അതുപോലെ ജൈവമായി തീരുന്നത്?



**മഴ തോർന്നിട്ടും മരങ്ങൾ പെയ്യുമ്പോൾ - 4**

**അക്കു**

# ഇലഞ്ഞി

*മുറ്റത്ത് വളർന്നുനിൽക്കുന്ന ഇലഞ്ഞിമരം ഇന്ന് പ്രിയപ്പെട്ട സുഹൃത്തിന്റെ ഓർമ്മമരം കൂടിയാണ്. പ്രിയ സുഹൃത്തിന്റെ ഓർമ്മകളുടെ സുഗന്ധം പരത്തി കൊണ്ട് പൂക്കൾ പൊഴിഞ്ഞുകൊണ്ടിരിക്കുന്നു.....*

ഇലഞ്ഞിമരം ഞങ്ങളുടെ ബാല്യകാല പരിസരത്ത് എവിടെയുമുണ്ടായിരുന്നില്ല. എങ്കിലും സ്നിഗ്ധമായ സുഗന്ധമായി അത് ഞങ്ങളെ പൊതിയാറുണ്ടായിരുന്നു. കൈമാറി കിട്ടിയ നിധിയായി കൂട്ടുകാർ അന്ന് അഭിമാനത്തോടെ ഇലഞ്ഞിപ്പൂ കോർത്ത നീളൻ മാലകളുമായി വരും. കൈത്തണ്ടയിൽ ചുറ്റിയിട്ട് മൂക്കിനോട് ചേർത്തുവെച്ചു തരും. കൊതിപ്പിക്കുന്ന സുഖമുള്ള ഗന്ധം അകത്തേക്ക് വലിച്ചെടുക്കും. സ്വന്തമായി മാല കിട്ടാത്തവർ ആ ഗന്ധം ഏറെ നേരം ഉള്ളിൽ കൊണ്ടു നടന്ന് സംതൃപ്തിയടയും.

ഇലഞ്ഞിമാല വാടി ഉണങ്ങിക്കഴിഞ്ഞാലും സുഗന്ധം അടർന്നുപോകാതെ അതിൽ ചേർന്നു നിൽക്കുന്നുണ്ടാകും. പുതിയ മാല കിട്ടിയവർ പഴയത് കൈമാറി തരും. അങ്ങനെ കിട്ടിയ മാലയുമായി ഞാൻ സുഗന്ധവാഹിയായ ചെടിയെ മനസ്സിൽ കാണാൻ ശ്രമിക്കും. ഇത്തിരിപ്പോന്ന ഈ പൂക്കൾക്ക് ജന്മം കൊടുക്കുന്നത് ഒരു കുഞ്ഞുചെടിയായിരിക്കും എന്നായിരുന്നു എന്റെ ധാരണ. പിന്നീടാണ്, ഒരു പ്രദേശത്തിന് മുഴുവൻ സുഗന്ധം പ്രസരിപ്പിച്ചുകൊണ്ട് നിൽക്കുന്ന മഹാവൃക്ഷമാണ് ഇലഞ്ഞിയെന്ന് ഞാനറിയുന്നത്.

വീട്ടിലെ നിസ്കാരപ്പായക്കകത്ത് ഇലഞ്ഞിമാലയുണ്ടാകും. ദിക്റുകളുരുവിടുമ്പോൾ എണ്ണം തെറ്റാതിരിക്കാൻ കരുതുന്ന തസ്ബീഹ് മാലക്കൊപ്പം ഇലഞ്ഞിമാലയും ചുറ്റിപ്പിണഞ്ഞു കിടക്കുന്നത് വിശുദ്ധിയാർന്ന ഒരു കാഴ്ചയായിരുന്നു. നിസ്കാരപ്പായക്കും അതിൽ ചുരുട്ടിവെക്കുന്ന വെളുത്ത നിസ്കാര വസ്ത്രത്തിനും സുഗന്ധം പകർന്നു കിട്ടാൻ ഇത്രയും യോജിച്ച വഴി വേറെയില്ല. കൃത്രിമത്വങ്ങൾക്ക് മേൽക്കൈ കിട്ടിത്തുടങ്ങിയിട്ടില്ലാത്ത അക്കാലത്ത്, നനവ് തീരെയില്ലാത്ത ഉണങ്ങിയാലും സുഗന്ധത്തിന് അല്പം പോലും കുറവ് വരാത്ത ഈ പൂമാലക്ക് നിസ്കാരപ്പായയിൽ ഇടം നൽകിയ പൂർവ്വികരുടെ ഔചിത്യത്തെ ആദരിക്കണം!

നിസ്കാരപ്പായയിലെ ഓരോ സുജൂദുകൾക്കുമൊപ്പം ഇലഞ്ഞിപ്പൂ ഗന്ധം ആന്തരിക വിശുദ്ധിയായി നിറയും. പൂമാല പോയാലും പായയിൽ പരിമളം ഭക്തിസാന്ദ്രതയോടെ തങ്ങിനിൽക്കുന്നുണ്ടാകും. പ്രാർത്ഥനകൾ സുഗന്ധപൂരിതമാകും. ഉമ്മയോടൊപ്പം പ്രാർത്ഥനയുടെ ബാലപാഠങ്ങൾ പഠിച്ചു തുടങ്ങുന്നത് ഈ നിസ്കാരപ്പായയുടെ സുഗന്ധമാർന്ന ഓർമ്മകളുമായാണ്.

ഇന്ദ്രിയങ്ങളിൽ പടർന്നുകേറുന്ന ഇലഞ്ഞിയുടെ ഗന്ധമാണ് നാട്ടിൻപുറത്തിലെ ഇടവഴികൾക്കെന്നുമൊക്കെ പിൽക്കാലത്ത് കാവ്യാനുഭവമായി അറിഞ്ഞുവെന്നല്ലാതെ എന്റെ നാട്ടിലെ കുട്ടിക്കാല പരിസരങ്ങളിലെവിടെയും ഒരു ഇലഞ്ഞിമരം കണ്ട ഓർമ്മയില്ല. അദൃശ്യമായ മരത്തിൽ നിന്ന് തേടി വരുന്ന സുഗന്ധമായി ഞാൻ ആ നിഗൂഢത അറിഞ്ഞു എന്നതാണ് നേര്.

ഏറെ നാളുകൾക്കുശേഷം വേനലവധിക്കാലത്താണ്. വല്ല്യുമ്മയുടെ നാടായ ആമപ്പൊയിലിലേക്ക് വിരുന്നു പോയപ്പോൾ തറവാട്ട് പറമ്പിലെ വൃക്ഷഛായയിൽ നിൽക്കുമ്പോൾ ഇലഞ്ഞിയുടെ പരിചിതഗന്ധം ഒഴുകിയെത്തുന്നു. ഉറവിടം തേടി ചെന്നപ്പോൾ എന്റെ സങ്കൽപത്തെയാകെ തകർത്തുകളയും വിധം അതിരിൽ തഴച്ചുനിൽക്കുന്ന ഒരു വൻവൃക്ഷം! ഇലഞ്ഞിപ്പൂ ചുറ്റിലും പൊഴിഞ്ഞുകിടക്കുന്ന സുഗന്ധത്തണലിൽ നിന്ന് ആ മഹാവൃക്ഷത്തിലേക്ക് ഞാൻ വിസ്മയത്തോടെ നോക്കി.

സ്വന്തമായി സ്ഥലവും വീടുമൊക്കെ ഒരുക്കിയപ്പോൾ മുറ്റത്ത് ഒരിലഞ്ഞിമരം വേണമെന്ന മോഹമുണ്ടായിരുന്നു. പുതിയ വീട്ടിൽ താമസം തുടങ്ങിയ ആദ്യ നാളുകളിൽ ഇലഞ്ഞിയുടെ ഒരു തൈ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന വേളയിലാണ് സുഹൃത്ത് സുൽഫി വീടുകാണാൻ വരുന്നത്. കയ്യിൽ ഒരു സഞ്ചിയും. പുതിയ വീട്ടിലേക്ക് എന്റെ വക ഇതാ ഒരു ചെറിയ സമ്മാനം എന്ന മുഖവുരയോടെ സഞ്ചി എന്റെ നേരെ നീട്ടി. അത്ഭുതം! പ്രസരിപ്പുള്ള ഒരിലഞ്ഞിത്തൈ!

സുൽഫിയുടെ രീതികൾ അങ്ങനെയൊക്കെയായിരുന്നു. സ്കൂൾ പഠനം പൂർത്തീകരിക്കാതെ കൂലിപ്പണിക്കിറങ്ങിയവൻ. നന്നായി വായിക്കും. പാടും. ബാന്റ് ട്രൂപ്പിൽ ഉപകരണങ്ങളെല്ലാം നന്നായി കൈകാര്യം ചെയ്യും. സാമൂഹ്യസേവന രംഗത്ത് സജീവം. അനീതികൾക്കെതിരെ ഒറ്റയ്ക്കാണെങ്കിലും ധീരമായി പ്രതികരിക്കും. പ്രകൃതിസ്നേഹിയാണ്. കരിങ്കൽ ക്വാറിക്കെതിരെ മുൻനിരയിൽ നിന്ന് സമരം നയിച്ചു. അതുകൊണ്ടുതന്നെ ഒരു കരിങ്കൽതരി പോലും ഉപയോഗിക്കാതെ സ്വന്തം വീടു നിർമ്മിച്ചു.

സുൽഫി നട്ടുതന്ന ഇലഞ്ഞിമരം മുറ്റത്ത് വളർന്നു. പിന്നീട് വൈദ്യുത വകുപ്പിൽ ലൈൻമാനായി ജോലി കിട്ടിയ സുൽഫി ജോലി ചെയ്തുകൊണ്ടിരിക്കെ ഷോക്കേറ്റ് കമ്പിയിൽ കുരുങ്ങി അതിദാരുണമായി മരണപ്പെട്ടു. മരണാനന്തരം കണ്ണുകളും ആന്തരികാവയവങ്ങളും ദാനമായി നൽകണമെന്ന് എഴുതിവെച്ച അഭിലാഷം പൂർത്തീകരിക്കാനാവാതെ സുൽഫി ഹ്രസ്വമായ ഒരു ജന്മം സാർത്ഥകമാക്കി കടന്നുപോയി.

ഞങ്ങളുടെ മുറ്റത്ത് വളർന്നുനിൽക്കുന്ന ഇലഞ്ഞിമരം ഇന്ന് പ്രിയപ്പെട്ട സുഹൃത്തിന്റെ ഓർമ്മമരം കൂടിയാണ്. കഴിഞ്ഞ വർഷം മുതൽ ഈ മരം പൂത്തു തുടങ്ങി. പ്രിയ സുഹൃത്തിന്റെ ഓർമ്മകളുടെ സുഗന്ധം ഞങ്ങളിൽ നിറച്ചുകൊണ്ട് പൂക്കൾ പൊഴിഞ്ഞുകൊണ്ടിരിക്കുന്നു.

ഡേവിസ് വളർക്കാവ്



*ഓരോ നാടും അവിടെ അധികം കണ്ടുവരുന്ന ജീവികളെയാണ് ലോകത്തിനു മുന്നിൽ ആദരവോടെ പരിചയപ്പെടുത്തുന്നത്. മനുഷ്യരേക്കാളും ജന്തുവൈവിധ്യമാണ് നാണയ-കറൻസികളിൽ കാണുന്നത്.*

# നാണയങ്ങളും ജന്തുവൈവിധ്യവും

ഒരു നാടിന്റെ പ്രാചീന പുരാവൃത്തവും മഹിമയും സൂക്ഷിക്കുന്നത് ശിലാരേഖകളും ലിഖിതചരിത്രവും പുരാവസ്തുക്കളുമാണ്. സമീപകാല നാൾവഴികൾ അറിയാൻ ഉപകരിക്കുന്ന സ്റ്റാമ്പുകൾ, നാണയങ്ങൾ, കറൻസികൾ എന്നിവയും ഇത്തരം പുരാവൃത്ത രേഖകളിൽ ഉൾപ്പെടുന്നു.

മൃഗമനുഷ്യ സംസർഗ്ഗങ്ങളുടെ മുദ്രകൾ നാണയങ്ങളിൽ ധാരാളമുണ്ട്. നോട്ടുകളിലും ഇവയുടെ സമൃദ്ധി കാണാം. ഇന്ത്യൻ നാണയങ്ങളിൽ പുലി, മയിൽ, കടുവ, ഹിപ്പോപൊട്ടാമസ് എന്നീ ജീവകുലത്തിന്റെ പെരുമ കാണാം. സ്വാതന്ത്ര്യപൂർവ്വ കാലത്ത് ബ്രിട്ടീഷ് ചക്രവർത്തി, രാജ്ഞി, കിരീടം, തലകൾ, വൈസ്രോയി... ഇങ്ങനെ പോകുന്നു വൈദേശിക ഭരണകാല ശേഷിപ്പുകൾ. ജനാധിപത്യം വന്നപ്പോൾ ദേശീയപതാക, ഭൂപടം, വ്യവസായം, കൃഷി, വൈദ്യുതി, തിരമാല, മഴ, നെൽക്കതിർ, കറ്റമെതിക്കൽ, ജലസേചനം, മത്സ്യബന്ധനം... ഇങ്ങനെ നാണയങ്ങളും കറൻസികളും, ചിത്രങ്ങളും മാറിവരുന്നത് രാജ്യത്തിന്റെ പ്രയാണം മനസ്സിലാക്കാൻ സാധിക്കും.

ചില സന്ദർഭങ്ങളിൽ മഹദ്‌വ്യക്തികളിലേക്കും അവരുടെ സന്ദേശത്തിലേക്കും ശ്രദ്ധ നീളുന്നത് കാണാം. മഹാത്മാഗാന്ധി, തിരുവള്ളുവർ, മദർ തെരേസ, നാരായണഗുരു, ഭഗത് സിംഗ്, അരബിന്ദോ, സുഭാഷ് ചന്ദ്രബോസ്, ലാൽബഹദൂർ ശാസ്ത്രി, ബാസവേശ്വർ, ഗുരുഗോവിന്ദ്.... തുടങ്ങിയവരെ ഈ ഗാലറിയിൽ നമുക്ക് പരിചയപ്പെടാനാകും. പിന്നീട് ദണ്ഡിയാത്ര, വിരൽ, ഫാക്ടറി, താമര, പാർലമെന്റ് മന്ദിരം..... ഒക്കെ കൂട്ടത്തിൽ കയറിക്കൂടി. ബ്രിട്ടീഷ്കാല നാണയം പോലെ കുറേ തലകൾ കുടുംബവാഴ്ചയുടേതായി ഇന്ത്യൻ നാണയങ്ങളിൽ കാണാം. മോത്തിലാൽ, ജവഹർലാൽ നെഹ്റു, ഇന്ദിര, രാജീവ്, സഞ്ജയ്........ ഇങ്ങനെ കാണുന്നു ഔർ ഫാമിലി കോൺഗ്രസ്. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ പഠിക്കാൻ ഒരു രാഷ്ട്രമീമാംസകനെ ഇത് സഹായിക്കും.

ചില നാടുകളിലെ കറൻസികളിൽ അമ്മയും കുഞ്ഞും, വഞ്ചി, കപ്പൽ, നക്ഷത്രം എന്നിവയുണ്ട്. റഷ്യ, സിറിയ എന്നീ നാടുകളിൽ ഗരുഡനാണ് താരം. ഖത്തറിൽ പക്ഷി, ജോസൻ ദ്വീപിൽ പെൻഗ്വിൻ, ഗാംബിയ- വലിയ കൊക്ക്, ഫാൽക്‌ലം ദ്വീപിൽ ഡോൾഫിൻ, ബോത്സന - കളകതം, സിംബാബ്‌വെ - കൊക്ക്... ഇങ്ങനെ വൈവിധ്യമാർന്ന പക്ഷിവംശം നാണയ, കറൻസികളിൽ നിറഞ്ഞുനിൽക്കുന്നു.

കരീബിയയിൽ ആമയും മത്സ്യവുമൊക്കെ കറൻസിയിലൂടെ അംഗീകാരം നേടിയവരാണ്. സിലോണിലും മത്സ്യം തന്നെ അംബാസഡർ. അൾജീരിയക്കാർക്കിഷ്ടം ആരോടെന്നറിയാമോ പൂച്ചകളോട്. ഫ്രാൻസിന് ചെമ്മരിയാടുകളോടും കാളയോടുമാണ് കൂറ്. സൗത്താഫ്രിക്കയ്ക്കും മൗറീഷ്യസിനും മാനിനോടാണ് പ്രിയം. ഫാൽക്‌ലം ദ്വീപുകാരുടെ സുഹൃത്ത് മഞ്ഞക്കരടിയാണ്. നേപ്പാളിൽ കാളപ്പൂട്ടും. മാലിക്കാർക്കും ബഹറിനും മിത്രം കുതിരയാണ്. റുവാണ്ടക്കാർക്ക് വരയുള്ള കുതിരയോടാണ് താൽപര്യം; കൂടെ ആൾക്കുരങ്ങിനോടും. ആസ്ത്രേലിയക്കാർക്ക് എല്ലാവർക്കും അറിയാവുന്നപോലെ കങ്കാരു തന്നെ; കൂടെ ആനയും ഉണ്ട്. ആനക്ക് വളരെ ആദരവു കൊടുത്തിട്ടുണ്ട് വിയറ്റ്നാം. ഒപ്പം ടാൻസാനിയക്കാരും. ഇവർക്ക് ജിറാഫും ആനയും സ്വീകാര്യരാണ്. ഇന്ത്യയെപ്പോലെ അയർലണ്ടിലും പുലിയാണ് കേമം. എന്നാൽ എത്യോപ്യക്കാർക്ക് കാട്ടുപോത്തുമായാണ് ചങ്ങാത്തം. കോംഗോയിൽ സിംഹം തന്നെ. നമ്മുടെ അശോകസ്തംഭത്തിലും സിംഹമാണല്ലോ.

ഓരോ നാടും അവിടെ അധികം കണ്ടുവരുന്ന ജീവികളെയാണ് ലോകത്തിനു മുന്നിൽ ആദരവോടെ പരിചയപ്പെടുത്തുന്നത്. മനുഷ്യരേക്കാളും ജന്തുവൈവിധ്യമാണ് നാണയ-കറൻസികളിൽ കാണുന്നത്. സ്വന്തം രാജ്യത്തിന്റെ മഹത്വം ഉയർത്തിക്കാട്ടാൻ മൃഗങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. രാജ്യത്തിന്റെ സ്വത്വം പ്രകാശിപ്പിക്കാൻ മിണ്ടാപ്രാണികളിലൂടെയാണ് സംസാരിക്കുന്നത്. ജൈവകുലത്തിന്റെ അംബാസഡർമാരാണിവർ. പ്രകൃതിയുമായി ഇണങ്ങിക്കഴിയുന്ന സമൂഹങ്ങളിൽ ഇത് വളരെ സ്വാഭാവികമാണ്. അല്ലാത്തിടത്ത് തലയും കിരീടവും ആൾരൂപവും ഒക്കെയാണ്.

വനസമൃദ്ധിയുള്ള നാടുകളിൽ ആനയും പുലിയും കാട്ടുപോത്തുമൊക്കെയാണ്. പുൽമേടുകളിൽ ജിറാഫും മാനും കങ്കാരുവും വിരാജിക്കുന്നു. ജലാശയങ്ങളും മഞ്ഞും ഉള്ളിടത്ത് ഡോൾഫിനും പെൻഗ്വിനും നമ്മെ സ്വാഗതം ചെയ്യുന്നു. മണൽ പ്രദേശങ്ങളിൽ ഒട്ടകവും കുതിരയുമാണ് തുണ. കാർഷിക രാജ്യങ്ങളിൽ കാളയും. അങ്ങനെ ഭൂ-കാലാവസ്ഥാ സവിശേഷതകൾ മൃഗസമ്പത്തിലും, സ്റ്റാമ്പ്-നാണയ-കറൻസി ലോകത്തും കാണാം. രാഷ്ട്രങ്ങളുടെ അഭിമാനങ്ങളാണ് ഈ മിണ്ടാത്ത വ്യക്തികൾ. ഭൂപ്രകൃതിയും കാലാവസ്ഥയും മനുഷ്യർക്കും ഇതര ജീവജാതികൾക്കും എത്ര പ്രധാനമാണെന്ന് ഈ ചിത്രങ്ങൾ നമ്മോട് മൗനമായി പറയുന്നുണ്ട്. അത് കേൾക്കാൻ ഉൾക്കാത് തുറക്കണം. കാട്, കാലാവസ്ഥാ വ്യതിയാനം കൊണ്ട് നാശമടയുമ്പോൾ ആദ്യം സൂക്ഷ്മജീവികളും ഇഴജന്തുക്കളും പക്ഷിവർഗ്ഗങ്ങളും ജലജീവികളും മൃഗകുലവും മനുഷ്യസമുദായവും ഒക്കെയാണ് നശിക്കുക. മെച്ചപ്പെട്ട കാലാവസ്ഥയും ഭൂപ്രകൃതിയുമുള്ള ഭാരതത്തിൽ അനേകം മൃഗങ്ങൾ അധിവസിക്കുന്ന ഈ ഭൂവിഭാഗത്തിൽ മൃഗമനുഷ്യപാരമ്പര്യത്തിന്റെ അനേകം സന്ദർഭങ്ങളുണ്ട്. തുടർന്നും നമുക്കിത് പങ്കിടാം.

അരുമകളെ അടിമകളെ
ആനകളെ മാനുകളെ
അറുകൊലയറുക്കാത്ത
നാടെവിടെ മക്കളെ

**-അയ്യപ്പപണിക്കർ**

# ഡ്രോപ്പ്സ്

ചെറുതെങ്കിലും വലിയ ഫലം തരുന്ന ചില ഇടപെടലുകളും സമീപനങ്ങളും

അവിര

## സന്തോഷത്തിന് പച്ചക്കറി.

വീടുകളിൽ സൗഹൃദസന്ദർശനത്തിനു പോകുമ്പോൾ ബേക്കറി സാധനങ്ങൾ വാങ്ങിപ്പോകുന്നവരാണ് നമ്മളൊക്കെ. മൈദയിൽ തീർത്ത വിലപിടിപ്പുള്ള ഈ സാധനങ്ങൾ കൊടുത്ത് നാം നമുക്ക് ആതിഥ്യം തരുന്ന വീട്ടുകാരെ ദ്രോഹിക്കുകയാണ്. എന്നാൽ നൗഷാദ് ചാത്തല്ലൂർ എന്ന സുഹൃത്ത് അടുത്തിടെ വീട്ടിൽ വന്നത് ഒരു കിറ്റ് പച്ചക്കറിയുമായാണ്. നൗഷാദിനോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ താൻ പല വീടുകളിലും പോകുമ്പോൾ ഉള്ളിയും, പഞ്ചസാരയും മറ്റ് പലചരക്കുസാധനങ്ങളുമാണ് വാങ്ങിക്കൊണ്ടുപോവാറ് എന്നു പറഞ്ഞു. അത്യാവശ്യം കുറച്ച് ബേക്കറി പലഹാരങ്ങൾ വാങ്ങുമ്പോഴേക്കും ചുരുങ്ങിയത് 150 രൂപയെങ്കിലും ആകും. എന്നാൽ 100 രൂപ മുടക്കിയാൽ അത്യാവശ്യം പച്ചക്കറികൾ വാങ്ങാം. കുറച്ച് പച്ചക്കറികളുമായി ഇനിയേതെങ്കിലും വീട്ടിലേക്ക് കയറിച്ചെന്നു നോക്കൂ. അപ്പോഴറിയാം അതിന്റെ മാറ്റം! നൗഷാദിന്റെ ഈ യുക്തി അത്ര ചെറിയ യുക്തിയല്ല എന്ന് ആർക്കാണ് ബോധ്യമാവാത്തത്.

## വീട്ടിലിരുന്ന് ജോലി

മാനേജ്മെന്റ് കൺസൾട്ടൻസി സ്ഥാപനം സ്വന്തമായി വീട്ടിൽ ഓഫീസിട്ട് നടത്തുന്നയാളാണ് എബി പോൾ. കേരളത്തിന് അകത്തും പുറത്തും വിദേശത്തും വരെ ഇടപാടുകാരുള്ള ഇദ്ദേഹം ഗ്രാമപ്രദേശത്തെ തന്റെ വാടകവീട്ടിൽ ഒരു മുറിയിൽ പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ഓഫീസിൽ ഇരുന്ന് ബിസിനസ്സ് നടത്തുന്നു. ഏത് ഗ്രാമമാണെങ്കിലും ഫോണും ഇന്റർനെറ്റും ഫാക്സും ഉണ്ടെങ്കിൽ ബാംഗ്ലൂരും ബോംബെയിലുമൊക്കെ പോയി വലിയ ചിലവിൽ ഓഫീസിടുന്നത് എന്തിന് എന്ന് എബി ചോദിക്കുന്നു.

## ആക്രിക്കട ഷോപ്പിംഗ്

കോടതിപരിസരത്തെ തിരക്കുപിടിച്ച ടീഷോപ്പിൽ കണ്ട ഒരു കൗതുക കാഴ്ച. കടയിൽ ചായപ്പൊടിയും പഞ്ചസാരയുമൊക്കെ സൂക്ഷിച്ചുവെച്ചിരിക്കുന്ന, കാണാൻ ഭംഗിയുള്ള ഒരു പെട്ടി ശ്രദ്ധയിൽ പെട്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ ഡോറും പൂട്ടുമൊക്കെയുള്ള .ആ പെട്ടി ഉപയോഗശൂന്യമായ റഫ്രിജറേറ്ററാണ് എന്നും മനസ്സിലായി. ആക്രിക്കടയിൽ നിന്നും 500 രൂപയ്ക്ക് തരപ്പെടുത്തി അകത്തുള്ളത് നീക്കം ചെയ്തപ്പോൾ നല്ല അടച്ചുറപ്പുള്ള ഒന്നാന്തരമൊരു അലമാര. ആക്രിക്കടയിൽ നിന്ന് പഴയ സൈക്കിളും പല വീട്ടുപകരണങ്ങളും വാങ്ങാറുണ്ട് എന്ന് ടീഷോപ്പുടമ പറഞ്ഞു.

## യാത്രയുടെ വഴികൾ

യാത്രകൾ ഒരുപാട് പണം മുടക്കി ദൂരസ്ഥലങ്ങളിലേക്ക് വേണമെന്ന് ആരാണ് പറഞ്ഞത്. നമുക്ക് തൊട്ടടുത്ത് തന്നെ അതുവരെ പോകാത്ത എത്രയോ ഇടങ്ങൾ. ഒരു പുഴയോരമോ, പുരാതനമായ കെട്ടിടമോ, ഒരു മുത്തശ്ശി മരമോ, അല്ലെങ്കിൽ ഏതെങ്കിലുമൊരു കൃഷിയിടം... ഏതുമായിക്കൊള്ളട്ടെ വെറുതെയൊന്നു പോയി നോക്കുക. കുറച്ചുനേരം അവിടെ സമയം ചിലവഴിക്കുക. അതുവരെ കാണാത്ത അനുഭവിക്കാത്ത കുറേ കാര്യങ്ങൾ നമുക്ക് മുമ്പിൽ അനാവൃതമാകും.

## പക്ഷിധ്യാനം

പരസ്പരം കലഹിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മനുഷ്യരുടെ ഇടയിൽ ജീവിക്കുമ്പോൾ ഇടയ്ക്കെങ്കിലും മറ്റ് ജീവജാലങ്ങളെ നിരീക്ഷിക്കാൻ സമയം കണ്ടെത്തിയാൽ അത് മനസ്സിന് സ്വാസ്ഥ്യം നൽകുന്ന ഒരു ധ്യാനമായിരിക്കും. അതിന് വനാന്തരങ്ങളിലേക്കൊന്നും പോകേണ്ടതില്ല. തെരുവിലോ, ഓഫീസിലോ, പൊതുസ്ഥലങ്ങളിലോ... എവിടെയാണെങ്കിലും നമ്മുടെ ശ്രദ്ധ ഒന്നു വഴിതിരിച്ച് കിളികളെയോ മറ്റ് ജീവികളെയോ നിരീക്ഷിക്കാൻ ഒന്ന് ശ്രമിച്ചുനോക്കിയാൽ മതി. ഇടയ്ക്കിടയ്ക്ക് നിലത്ത് കുത്തിയിരുന്ന് ഉറുമ്പുകളെ നിരീക്ഷിക്കുന്ന ഒരു അദ്ധ്യാപക സുഹൃത്തിനെ പരിചയമുണ്ട്. എവിടെ ചെന്നാലും ഉറുമ്പുകളുടെ സഞ്ചാരം അദ്ദേഹം ശ്രദ്ധിക്കും. തന്നെ പ്രകൃതിയുമായി അടുപ്പിക്കുന്നത് ഈ ഉറുമ്പുനിരീക്ഷണമാണ് എന്നദ്ദേഹം പറയാറുണ്ട്.

## വേണ്ടാത്തത്

സ്വന്തമായി വീട് വെക്കാൻ പദ്ധതിയുള്ളവർക്ക് ഒരു സുഹൃത്തിന്റെ ഉപദേശം. പരമാവധി 20 വീടുകളെങ്കിലും കയറി കണ്ട് മനസ്സിലാക്കണം. എന്തിനാണെന്നല്ലേ.. അവിടുത്തെ സൗകര്യങ്ങൾ നോക്കി അതേപടി പകർത്താനല്ല, മറിച്ച് തന്റെ വീടിന് എന്തൊക്കെയാണ് ആവശ്യമില്ലാത്തത് എന്ന് മനസ്സിലാക്കാൻ അത്തരം സന്ദർശനങ്ങൾ സഹായിക്കും എന്നാണ് സുഹൃത്തിന്റെ ഉപദേശം.

*ഫോട്ടോ- ഐറിൻ*



## Back Page Story

# രണ്ട് പെൺകുട്ടികൾ

മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ ഒരു എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥിനി പത്താം ക്ലാസ് പരീക്ഷയുടെ ഫലം വന്നതിന്റെ അടുത്ത ദിവസം തീകൊളുത്തി ആത്മഹത്യ ചെയ്തു. പത്താംക്ലാസ് പാസ്സായില്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ല എന്നവൾ കൂട്ടുകാരികളോട് പറഞ്ഞിരുന്നുവത്രേ. വീട്ടുകാരോടും അവൾ തന്റെ വിഷമം പങ്കുവെച്ചിരുന്നു. പക്ഷേ ആരും ആ ദുരന്തം പ്രതീക്ഷിച്ചില്ല. എഴുതുന്നവരിൽ 90 ശതമാനത്തിനും മേൽ വിജയിക്കുന്ന ഒരു പരീക്ഷയിൽ പരാജയപ്പെട്ടാൽ അത് ജീവിതത്തിലെ ഏറ്റവും വലിയ പരാജയമായിരിക്കുമെന്നും അവൾ എങ്ങനെയോ മനസ്സിലാക്കിയിരുന്നിരിക്കാം. അല്ലെങ്കിൽ സമൂഹം അവളെ അങ്ങനെ പറഞ്ഞുപഠിപ്പിച്ചിരിക്കാം. സ്വയം തീകത്തി പ്രാണവേദനയിൽ പിടയുമ്പോഴും തീയണക്കാൻ ശ്രമിച്ച വീട്ടുകാരോട് തന്നെ മരിക്കാനനുവദിക്കണമെന്നും രക്ഷിക്കാൻ ശ്രമിക്കരുതെന്നുമാണ് അവൾ ആവശ്യപ്പെട്ടത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ അവൾ പ്രതീക്ഷിച്ചിരുന്ന മരണത്തിന്റെ അനുകൂല ഫലം കാത്തുകിടക്കുമ്പോഴും അവൾ പുലമ്പിയത് താനിനി എന്തിനു ജീവിച്ചിരിക്കണം എന്നും തന്നെയിനി രക്ഷിക്കേണ്ട എന്നുമാണ്. സ്കൂളിനു ഉയർന്ന പരീക്ഷാവിജയമുണ്ടാവാൻ അവളുടെ അദ്ധ്യാപകരും കൂട്ടുകാരുമൊക്കെ പെടാപ്പാട് പെടുന്നത് അവൾ കണ്ടിരുന്നു. പരീക്ഷയെഴുതിയവരിൽ 97 ശതമാനം പേരും ജയിച്ചതും എല്ലാത്തിനും എ പ്ലസ് കിട്ടിയവരുടെ വർണ്ണചിത്രങ്ങൾ കവലകളിൽ നിൽക്കുന്നതും അവൾ കണ്ടിരുന്നു. ജീവിതം തന്നെ അവസാനിപ്പിക്കേണ്ട തരത്തിലുള്ള ഒരു മഹാ അപരാധമാണ് പരീക്ഷയിൽ തോറ്റത് എന്നവൾ കണക്കുകൂട്ടി.

ഒമ്പതാം ക്ലാസിൽ രണ്ടാം തവണ തോൽപ്പിക്കപ്പെട്ട മലപ്പുറം ജില്ലയിലെ തന്നെ അരീക്കോടുള്ള മറ്റൊരു പെൺകുട്ടി പത്താം ക്ലാസിലേക്ക് വാങ്ങിവെച്ച പുസ്തകങ്ങൾ അടുക്കിവെച്ച് അതിനുമുകളിൽ കയറിനിന്ന് തൂങ്ങിമരിച്ചു. പത്താം ക്ലാസിൽ നൂറുമേനി വിളയിക്കാൻ വേണ്ട ബദ്ധപ്പാടിന്റെ പേരിലായിരുന്നത്രെ ആ പെൺകുട്ടിയെ തോൽപ്പിച്ചത്.നമ്മുടെ വിദ്യാഭ്യാസ രംഗം സ്നേഹമില്ലാത്ത ഇടങ്ങളായി മാറിയതിനെക്കുറിച്ച് ആലോചിക്കാൻ സമയമായി.

നമ്മുടെ കുട്ടികൾ ജയിച്ചെന്നും തോറ്റെന്നും തീരുമാനിക്കേണ്ടത് ഓരോരോ സമയത്ത് കുറെപ്പേർ ചേർന്ന് തീരുമാനിച്ച് നടപ്പാക്കുന്ന പരീക്ഷാ പരീക്ഷണങ്ങളല്ല എന്ന അടിസ്ഥാന പാഠമെങ്കിലും നമുക്ക് കുട്ടികളെ പഠിപ്പിക്കാം

*ലിമാ ഡെസ്ക്*



Edited.Printed. Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at nTK Offset Printers Manjeri for Co-Operative Press Chungathara.